പതിനഞ്ചാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2023–2026)

എഴുപത്തിമൂന്നാമത് റിപ്പോർട്ട്

(27.01.2026 തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

പതിനഞ്ചാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2023–2026)

എഴുപത്തിമൂന്നാമത് റിപ്പോർട്ട്

കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച സ്വതന്ത്രപഠന റിപ്പോർട്ട്

(27.01.2026 തീയതി സഭയിൽ സമർപ്പിച്ചത്)

<u>ഉള്ളടക്കം</u>

	പേജ്
സമിതിയുടെ ഘടന	v
ആമുഖം	vii
റിപ്പോർട്ട്	1
അനുബന്ധം I :	20
അനുബന്ധം II :	
സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ	
കൃഷി വകുപ്പ്	21–30
വ്യവസായ വകുപ്പ്	31–53
ധനകാര്യ വകുപ്പ്	54–65
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്	66–71

<u>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023–2026)</u>

<u>ഘടന</u>

<u>ചെയർപേഴ്സൺ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അനിൽകുമാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. അഹമ്മദ് ദേവർകോവിൽ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. പി. മമ്മിക്കുട്ടി
ശ്രീ. കെ. പി. മോഹനൻ
ശ്രീ. ഡി. കെ. മുരളി
ശ്രീ. പി. നന്ദകുമാർ
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ശ്രീ. പി. ഉബൈദുള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി
ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
ശ്രീമതി സിന്ധു ടി. ജി., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26)യുടെ അദ്ധ്യക്ഷനായ ഞാൻ, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച സ്വതന്ത്രപഠന വിഷയത്തിന്മേൽ തയ്യാറാക്കിയ എഴുപത്തിമൂന്നാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

സംസ്ഥാന സർക്കാരിന് കുറഞ്ഞത് 50% ഓഹരി പങ്കാളിത്തം ഉള്ളതും സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ളതുമായ സ്ഥാപനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. അവയിൽ സംസ്ഥാന സർക്കാർ കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും ഉൾപ്പെടുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക വികസനത്തോടൊപ്പം പൊതുജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും അവശ്യസേവനങ്ങൾ നൽകുന്നതിനും കൂടി ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ രൂപീകൃതമായിട്ടുള്ളത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നത് സർക്കാരിന്റെ നേരിട്ടുള്ള പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ബിസിനസ്സ് സംരംഭങ്ങൾ കൂടി ആയതിനാൽ സാമൂഹിക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം ലാഭം ഉണ്ടാക്കുന്നതിനും കൂടി അവ പ്രാധാന്യം നൽകേണ്ടതുണ്ട്.

ജനങ്ങളുടെ ക്ഷേമം കണക്കിലെടുത്തുകൊണ്ട് വാണിജ്യപരമായ പ്രവർത്തനങ്ങൾ നടത്തേണ്ട പൊതുമേഖലാ സ്ഥാപനങ്ങൾ പലതും ഏറ്റെടുത്ത പല പദ്ധതികളും യഥാസമയം പൂർത്തീകരിക്കാത്തതിനാൽ, കണക്കാക്കിയ പദ്ധതി ചെലവിനേക്കാൾ യഥാർത്ഥ ചെലവ് അധികരിക്കുകയും തത്ഫലമായി വൻ നഷ്ടത്തിലേയ്ക്ക് പദ്ധതിയെ കൊണ്ടുചെന്നെത്തിച്ച് അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാതെ വരികയും ചെയ്യുന്ന ഒരു അവസ്ഥ നിലനിൽക്കുന്നു എന്നത് വസ്തുത തന്നെയാണ്. ബഹുനില എസ്റ്റേറ്റുകളിൽ പ്രവർത്തനം ആരംഭിച്ച പല യൂണിറ്റുകളും, അനുബന്ധ സേവനങ്ങളുടെയും പശ്ചാത്തലസൗകര്യങ്ങളുടെയും അഭാവംമൂലം പ്രവർത്തനം അവസാനിപ്പിക്കുകയും സർക്കാരിന് വൻ നഷ്ടത്തിനു കാരണമാവുകയും ചെയ്യുന്നു. വേണ്ടത്ര സാധ്യതാപഠനം നടത്താതെയും സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വേണ്ടത്ര വിശകലനം നടത്താതെയും പുതിയ സംരംഭങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടും സർക്കാർ ഉത്തരവിനനുസൃതമായല്ലാതെ നടപടി സ്വീകരിക്കുന്നതുകൊണ്ടും സ്ഥാപനങ്ങൾ വൻ നഷ്ടത്തിലേയ്ക്ക് പോകുന്നുവെന്ന അവസ്ഥ തികച്ചും പരിതാപകരമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങൾ സസൂക്ഷ്മം വീക്ഷിക്കുന്ന, പൊതുപണത്തിന്റെ സംരക്ഷകനായ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ അതിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത്തരം കെടുകാര്യസ്ഥതകൾ നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടും വീണ്ടും ആവർത്തിക്കപ്പെട്ടുവരുന്ന സാഹചര്യത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗനിർദ്ദേശങ്ങൾ നൽകാൻ ചുമതലപ്പെട്ട നിയമസഭാ സമിതിയായ 'പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി' കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച വിഷയത്തിന്മേൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ച് സ്വതന്ത്രപഠനം നടത്തി റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. സമിതിയുടെ പ്രസ്തുത തീരുമാനം ബഹു. സ്പീക്കർ അംഗീകരിക്കുകയും അതനുസരിച്ച് 20.09.2023 ലെ ബുള്ളറ്റിൻ നമ്പർ 431 പ്രകാരം സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനും സമിതി അംഗങ്ങളായ സർവ്വശ്രീ എ. പി. അനിൽകുമാർ, ഡി. കെ. മുരളി, പി. നന്ദകുമാർ, പി. ഉബൈദുള്ള എന്നിവർ അംഗങ്ങളുമായി ഒരു അഞ്ചംഗ സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

സബ് കമ്മിറ്റി തയ്യാറാക്കിയ ചോദ്യാവലിയിന്മേൽ സർക്കാരിൽ നിന്നു ലഭിച്ച റിപ്പോർട്ടുകളുടെയും ധനകാര്യം, വ്യവസായം, കൃഷി, ആസൂത്രണ സാമ്പത്തികകാര്യം എന്നീ വകുപ്പുകളിലെയും പ്ലാനിംഗ് ബോർഡിലെയും ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെയും മുൻ സമിതികളുടെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് അവലംബിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ സബ് കമ്മിറ്റി 06.01.2026 ലെ യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

സബ് കമ്മിറ്റി അംഗീകരിച്ച പ്രസ്തുത റിപ്പോർട്ട് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26)യുടെ 21-01-2026 -ലെ സമ്പൂർണ്ണ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഇ. ചന്ദ്രശേഖരൻ,

ചെയർപേഴ്സൺ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം

27-01-2026

റിപ്പോർട്ട്

വൈദ്യുതി, ജലം, ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങിയ മേഖലകളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങളും ഉൽപന്നങ്ങളും ലഭ്യമാക്കുക, രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സർക്കാരിന്റെ ഉടമസ്ഥതയിലും സർക്കാർ നിയന്ത്രണത്തിലും സ്ഥാപിതമായവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ഇവയുടെ ഭൂരിഭാഗം ഓഹരികളും കൈവശം വച്ചിരിക്കുന്നു എന്നതുകൊണ്ടുതന്നെ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാരിന്റെ നിയമങ്ങൾക്കും നയങ്ങൾക്കും അനുസരിച്ചാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും സ്വകാര്യ മേഖലയുടെ ചൂഷണത്തിൽനിന്നും ജനങ്ങളെ ഒരു പരിധി വരെ മോചിപ്പിച്ച് അവർക്കാവശ്യമായ സേവനങ്ങളും ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിലും പൊതുമേഖലാ സ്ഥാപനങ്ങൾ വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട് . ലാഭമുണ്ടാക്കുന്നതോടൊപ്പം ജനങ്ങളുടെ ക്ഷേമം കൂടി കണക്കിലെടുത്ത് പ്രവർത്തിക്കേണ്ട പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവയുടെ ശരിയായ ലക്ഷ്യം കൈവരിക്കാനും മേൽപ്പറഞ്ഞ മേഖലകളിൽ അതിന്റെ യഥാർത്ഥ വിഹിതം നൽകാനും കഴിയാതെ വരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

2. 1956 ലെ കമ്പനി നിയമത്തിലെ 619-ാം വകുപ്പ് പ്രകാരവും 2013-ലെ കമ്പനി നിയമത്തിലെ 139, 143 വകുപ്പുകൾ പ്രകാരവുമാണ് സർക്കാർ കമ്പനികളുടെ ഓഡിറ്റ് നിയന്ത്രിക്കപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ അതിന്റെ വിവിധ റിപ്പോർട്ടുകളിൽ പരാമർശിച്ച ഓഡിറ്റ് ഖണ്ഡികകൾ നിയമസഭാ സമിതി അതിന്റെ പല യോഗങ്ങളിലും ചർച്ച ചെയ്തിട്ടുള്ളതും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമസഭയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

3. ടെണ്ടർ/കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പണം മുൻകൂർ നൽകുക വഴി സ്ഥാപനങ്ങൾക്ക് നഷ്ടമുണ്ടായതു സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ സമിതി പരിശോധിച്ചിട്ടുള്ളതാണ്. തനതുഫണ്ട്/കടമെടുപ്പു ഫണ്ട് മുഖേന ധനസമാഹരണത്തിനുള്ള കഴിവ് വിശകലനം ചെയ്യാതെയും പദ്ധതികളുടെ വിജയസാധ്യത വിലയിരുത്താതെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ/ പുനരുജ്ജീവന പദ്ധതികൾ കൈമാറുക വഴി പ്രസ്തുത സ്ഥാപനത്തിന് പ്രതീക്ഷിച്ച പ്രകടനത്തിലേയ്ക്ക് എത്താൻ കഴിയാതെ 'അറ്റ ആസ്തി' ഇല്ലാതാകുകയും തന്മൂലം സ്ഥാപനത്തിന് ആഭ്യന്തര ഫണ്ട് സ്വരൂപിക്കാൻ കഴിയാതെയും ബാങ്കുകളിൽ നിന്ന് വായ്പ എടുക്കാൻ കഴിയാതെയും സർക്കാർ നൽകിയ ഗ്രാന്റ് നഷ്ടത്തിലായ സ്ഥിതിവിശേഷവും സമിതി ചർച്ച ചെയ്തിട്ടുള്ള വിഷയങ്ങളിൽ ഉൾപ്പെടുന്നു.

4. വ്യവസായ വകുപ്പിന്റെ കീഴിൽ കെമിക്കൽ, ഇലക്ട്രിക്കൽ/എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ടെക്സ്റ്റയിൽസ്, സിറാമിക്സ്, പരമ്പരാഗത തടിയുമായി ബന്ധപ്പെട്ട വികസനം എന്നീ മേഖലകളിൽ ലാഭത്തിൽ /നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ, പ്രവർത്തന മൂലധനനഷ്ടം, സാങ്കേതിക വിദ്യയിൽ കാലാനുസൃതമായ മാറ്റത്തിന്റെ അഭാവം , ഉൽപ്പന്നവൈവിദ്ധ്യവല്ക്കരണത്തിന്റെ അഭാവം, മാറിക്കൊണ്ടിരിക്കുന്ന കമ്പോളത്തിന്റെ ആവശ്യത്തിനനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള കഴിവില്ലായ്മ , ഉൽപാദനചെലവിലെ വർദ്ധനവ്, മൽസരശേഷി ഇല്ലായ്മ, കടുത്ത സാമ്പത്തിക ബാധ്യത , ഉൽപ്പാദനക്ഷമതക്കുറവ് എന്നിവ സാരമായി ബാധിക്കുന്നു എന്നതും സമിതിക്ക് ബോധ്യപ്പെട്ട സംഗതിയാണ്.

5. ഈ സാഹചര്യത്തിൽ സി. ആന്റ് എ.ജി.യുടെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും തദ്വാരാ സമിതി റിപ്പോർട്ടുകളിലും ആവർത്തിച്ചുവന്നിട്ടും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യവും സമിതി ശിപാർശകളിന്മേൽ യഥാസമയം സർക്കാർ നടപടി സ്വീകരിക്കാത്ത വിഷയവും മുൻ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിലെ

പ്രായോഗികതയും അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു സബ് കമ്മിറ്റി രൂപീകരിക്കണമെന്ന് സമിതി തീരുമാനിച്ചു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 189 പ്രകാരം സമിതിയുടെ പ്രസ്തുത തീരുമാനം ബഹു. സ്പീക്കർ അംഗീകരിക്കുകയും അതനുസരിച്ച് 20.09.2023 ലെ 431 നം. ബുള്ളറ്റിൻ പ്രകാരം സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനും സമിതി അംഗങ്ങളായ സർവ്വശ്രീ എ. പി. അനിൽകുമാർ, ഡി. കെ. മുരളി, പി. നന്ദകുമാർ, പി. ഉബൈദുള്ള എന്നിവർ അംഗങ്ങളുമായി ഒരു അഞ്ചംഗസബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. (അനുബന്ധം I)

6. വിഷയം സംബന്ധിച്ച് 29.11.2023, 06.05.2024, 14.05.2025 എന്നീ തീയതികളിൽ സബ് കമ്മിറ്റി ചർച്ച ചെയ്യുകയും ഒരു ചോദ്യാവലി തയ്യാറാക്കുകയും കൃഷി , വ്യവസായം, ധനകാര്യം, ആസൂത്രണ സമ്പത്തികകാര്യം എന്നീ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത മറുപടികൾ വിശകലനം ചെയ്ത സബ് കമ്മിറ്റി, 20.08.2025 ന് വ്യവസായം, കൃഷി, ധനകാര്യം എന്നീ വകുപ്പുദ്യോഗസ്ഥരിൽ നിന്നും 12.12.2025-ന് ധനകാര്യം, ആസൂത്രണ സാമ്പത്തികകാര്യം എന്നീ വകുപ്പുകളിലെയും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെയും ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം II)

7. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയും മത്സരക്ഷമമാക്കിയും അവയെ ലാഭത്തിലെത്തിക്കുകയാണ് സർക്കാരിന്റെ നയം . ഇതിന്റെ ആദ്യപടിയായി ഓരോ സ്ഥാപനത്തിന്റേയും മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന "MoU & Business Plan"ന് സർക്കാരിന്റെ അംഗീകാരം നേടി, ആയതിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. കൂടാതെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ MoU & Business Plan ആധാരമാക്കിയുള്ള പ്രവർത്തനങ്ങളുടെ നിരീക്ഷണം ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബി.പി.ടി.) മുഖേന ഉറപ്പുവരുത്തുന്നുമുണ്ട്.

8. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സംസ്ഥാന ആസൂത്രണ ബോർഡ് നിർണായകമായ പങ്ക് വഹിക്കുന്നുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം , വൈവിധ്യവൽക്കരണം, അവയുടെ ഉൽപാദനശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പദ്ധതികൾക്ക് സംസ്ഥാനങ്ങൾ നൽകുന്ന വിവരങ്ങൾ ക്രോഡീകരിച്ച്, ബി.പി.ടി. തലത്തിൽ പ്രഥമ പരിശോധന നടത്തിയതിനുശേഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ഭരണവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനും, പ്ലാനിംഗ് ബോർഡ് ചീഫ്, ധനകാര്യവകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളുമായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിൽ വിശദമായ ചർച്ചകൾക്കും

പരിശോധനകൾക്കും ശേഷമാണ് ഓരോ പദ്ധതിയ്ക്കും ഭരണാനുമതി നൽകുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

9. ഏതൊരു പദ്ധതിയെയും അതിന്റെ വിജയതീരത്തെത്തിക്കുന്നത് ആ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ ഡി.പി.ആർ. ആണ്. പദ്ധതികളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തി ബി.പി.ടി. യുടെയോ ഭരണ വകുപ്പിന്റെയോ ശിപാർശയോടെ ആസൂത്രണ ബോർഡിൽ സമർപ്പിക്കുന്ന ഡി .പി.ആർ. സംസ്ഥാന ആസൂത്രണ ബോർഡ് വിഭാഗം പരിശോധിക്കുന്നു. പദ്ധതി വിഹിതത്തിനായി സമർപ്പിക്കുന്നതിന് മുമ്പ് ആസൂത്രണ ബോർഡ് അംഗം പ്രതിനിധി ആയിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിൽ ഡി.പി.ആർ. വിശദമായി ചർച്ച ചെയ്യപ്പെടുന്നുണ്ട് എന്നതിനാൽ പദ്ധതി നിർവ്വഹണത്തിലെ കാലതാമസം, വീഴ്ച എന്നിവയിൽ നിന്നും ആസൂത്രണ ബോർഡിനും ഒഴിഞ്ഞുമാറാൻ കഴിയില്ല എന്നാണ് സമിതിക്ക് ബോധ്യമാകുന്നത്.

10. പൊതുമേഖലാ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഡി .പി.ആർ. സാങ്കേതികമായും സാമ്പത്തികമായും ലാഭകരമാണോയെന്ന് വിലയിരുത്തേണ്ടത് അനിവാര്യമാണ്. പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമുൻപ് സാങ്കേതികവും സാമ്പത്തികവുമായ ലാഭക്ഷമത ഉറപ്പാക്കുന്നതിനായി സാധ്യതാപഠനങ്ങളും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകളും തയ്യാറാക്കണമെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ ലക്ഷ്യങ്ങൾ , സാങ്കേതിക വിശകലനം, അപകടസാധ്യതകൾ, പരിസ്ഥിതി-സാമൂഹിക പ്രതിഫലനങ്ങൾ, സമയക്രമം എന്നിവ ശാസ്ത്രീയമായി വിലയിരുത്തുന്ന സമഗ്രമായ ഡി .പി.ആർ. തയ്യാറാക്കുന്നതിലൂടെ യാഥാർഥ്യ ബോധമുള്ള തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയും . ഇതുവഴി അനാവശ്യ ചെലവുകൾ ഒഴിവാക്കുകയും പദ്ധതി പരാജയങ്ങളുടെ സാധ്യത കുറയ്ക്കുകയും ദീർഘകാല സുസ്ഥിരതയും സാമ്പത്തിക കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യാം. പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതികളെ വിലയിരുത്തുകയും നിരീക്ഷിക്കുകയും ചെയ്യുന്ന സംവിധാനത്തിൽ മാറ്റം വരണമെന്ന് സമിതി കരുതുന്നു . പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ കാര്യക്ഷമത ഉയർത്തുന്നതിനും ഭാവിയിലെ പരാജയങ്ങൾ ഒഴിവാക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങൾ ഭരണവകുപ്പിന് സമർപ്പിക്കുന്ന ഡി.പി.ആർ.-ൽ പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ

കാലാവധിയും പ്രതീക്ഷിത വരുമാനവും സാമൂഹിക സാമ്പത്തിക നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ആയത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് അതിന്റെ ഫലങ്ങൾ കൈവരിക്കുന്നുണ്ടോ എന്നും വിലയിരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വയംഭരണത്തിന്റെ നിലവാരം നിർണ്ണയിക്കുന്നത് പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള തരംതിരിക്കലാണെന്നും അത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാമ്പത്തികവും പ്രവർത്തനപരവുമായ സ്വാതന്ത്ര്യം നൽകുന്നുവെന്നും സമിതി കരുതുന്നു. പ്രോജക്ടുകൾ നിർദിഷ്ട സമയപരിധിക്കുള്ളിൽ അംഗീകരിക്കുന്നതിലെ കാലതാമസം മൂലം അവ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും ഫണ്ട് ലാപ്സാകുകയും പദ്ധതികൾ നടപ്പാക്കാൻ കഴിയാതെവരുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പെർഫോർമൻസ് ബേസ്ഡ് ഫിനാൻഷ്യൽ ഓട്ടോണമി ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ചില പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റ് സ്ഥാപനങ്ങൾക്ക് വായ്പ നൽകാറുണ്ടെന്നും എന്നാൽ വായ്പ നൽകുന്ന അവസരത്തിൽ പലിശനിരക്ക് നിശ്ചയിക്കാത്തതിനാൽ അവ പലിശരഹിത വായ്പയായി മാറുന്നതായും പ്രിൻസിപ്പൽ തുക മാത്രം നൽകിയാൽ മതിയെന്ന രീതിയിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകൾ സെറ്റിൽ ചെയ്യുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. സ്ഥാപനങ്ങൾക്കുണ്ടാകുന്ന വൻനഷ്ടം ഒഴിവാക്കുന്നതിനായി വായ്പ നൽകുന്ന അവസരത്തിൽത്തന്നെ പലിശനിരക്ക് നിശ്ചയിച്ച് നൽകുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ഫണ്ട് ലഭിക്കുന്നില്ല എന്നതാണ് സംസ്ഥാന സർക്കാർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയെന്നും കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാന സർക്കാരിന്റെ ഫണ്ട്

ഉപയോഗിച്ചാണ് വ്യവസായ മേഖലയിലെ 52 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നും പരമ്പരാഗത വ്യവസായങ്ങൾക്ക് മാത്രമാണ് കേന്ദ്ര സഹായം ലഭിക്കുന്നതെന്നും വിലയിരുത്തിയ സമിതി, കേന്ദ്ര ഫണ്ടായ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ചാണ് കോട്ടൺ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുള്ളതെന്നും മുൻകാലങ്ങളെ അപേക്ഷിച്ച് ടെക്സ്റ്റൈൽ യൂണിറ്റുകൾക്ക് തുടർച്ചയായി അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നുണ്ടെന്നും മനസ്സിലാക്കുന്നു.

14. പദ്ധതി പ്രവർത്തനം ആരംഭിച്ച് മൂന്ന് വർഷത്തെ ലാഭത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതെന്നും എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രസ്തുത നിലവാരത്തിൽ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ 2020-21, 2021-22 കാലഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ <u>കോവിഡ് പ്രതിസന്ധി ഇല്ലാതിരുന്ന കാലഘട്ടങ്ങളിലും കേന്ദ്ര ഫണ്ടുകൾ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ലെന്ന് വിലയിരുത്തിയ സമിതി, പരമ്പരാഗത വ്യവസായങ്ങൾക്ക് കേന്ദ്രസർക്കാർ സ്കീം പ്രകാരം സഹായമഭ്യർത്ഥിക്കുന്നപക്ഷം , ബി.പി.ടി ആയത് പരിശോധിച്ച് ശിപാർശ നൽകുകയും കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യണമെന്നും കേന്ദ്രസർക്കാരിൽ നിന്നും അർഹമായ പരമാവധി ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള ശക്തമായ ഇടപെടൽ ഭരണവകുപ്പ് നടത്തണമെന്നും ഇതിനായി കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അർഹമായ ഗ്രാന്റ് ആവശ്യപ്പെടുന്നതിനായി എല്ലാ അവശ്യവിവരങ്ങളും സമാഹരിച്ചിട്ടുണ്ടെന്നും രേഖകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കണമെന്നും ശിപാർശ ചെയ്യുന്നു.</u>

15. കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാന വിഹിതവും ആർ.കെ.വി.എഫ്., ആർ.ഐ.ഡി.എഫ്. എന്നീ കേന്ദ്ര സർക്കാർ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതവും ലഭിക്കുന്നുണ്ടെന്നും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരളയുടെ കേര (KERA - Kerala Climate Resilient Agri-Value Chain Modernization Project) എന്ന പദ്ധതിക്ക് വേൾഡ് ബാങ്കിന്റെ എയ്ഡായി 2000 കോടി രൂപ പ്ലാന്റേഷൻ വിളകൾക്ക് മാത്രമായി ലഭിച്ചിട്ടുണ്ടെന്നും തെളിവെടുപ്പിലൂടെ സമിതി മനസ്സിലാക്കുന്നു . പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങൾ പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് സാധ്യതാപഠനം

നടത്തി കേരള കാർഷിക സർവ്വകലാശാലയുടെ പഠനങ്ങളെ ആധാരമാക്കിയാണ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതെന്നും തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിൽ കാർഷിക സർവകലാശാലയുടെ പഠനത്തെ ആധാരമാക്കി കോൾ കൃഷിയുമായി ബന്ധപ്പെട്ട് ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ ചെയ്യുന്നുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യമായി. കാലാവസ്ഥാ വ്യതിയാനം മൂലം ഓരോ വർഷവും പുതിയ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഴയവ പൂർത്തീകരിക്കാനാകാതെ റീ-വാലിഡേറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടെന്നും യഥാസമയം പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ മൂന്ന് വർഷം മുമ്പുള്ള പ്രോജക്ടുകളും SLDC-ൽ വച്ച് റീ-വാലിഡേറ്റ് ചെയ്യാൻ കേന്ദ്ര സർക്കാരിനോട് വകുപ്പിന് സമ്മർദം ചെലുത്തേണ്ടി വരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് സമുദ്രനിരപ്പിൽനിന്നും താഴ്ന്നപ്രദേശമായതിനാൽ ചെറിയ മഴ വന്നാൽപോലും പ്രവൃത്തിനടപ്പാക്കാൻ സാധിക്കുന്നില്ലെന്നും തൃശ്ശൂർ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളിലെ കോൾ നിലങ്ങളിലും ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. സ്റ്റേറ്റ് പ്ലാൻ ഫണ്ടിന് ആനുപാതികമായ കേന്ദ്രഫണ്ട് ലഭ്യമാകാത്തതിനാൽ ചില പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്നും , കോൾ മേഖലയിലെ പദ്ധതികൾക്ക് സമയബന്ധിതമായി തുക ലഭിക്കാറില്ലെന്നും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ശരാശരി ലഭിച്ചിരിക്കുന്നത് മൊത്തം വകയിരുത്തലിന്റെ 55 ശതമാനം മാത്രമാണെന്നും അത് പദ്ധതികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. <u>കോൾ മേഖലകളിലെ പദ്ധതികൾക്ക് സമയബന്ധിതമായി തുക ലഭിക്കാറില്ലെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത മേഖലകളിലെ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് സമയബന്ധിതമായി അനുവദിക്കണമെന്നും ആനുപാതികമായ കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.</u>

16. കാർഷിക മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ വി.എഫ്.പി.സി.കെ.യുടെ ടെക്നിക്കൽ സപ്പോർട്ട് , മാർക്കറ്റിംഗ് എന്നിവ

മികവുറ്റതാണെന്ന് നിരീക്ഷിച്ച സമിതി , കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പദ്ധതി പൂർത്തീകരണത്തിനുള്ള ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുന്ന സാഹചര്യമുണ്ടെന്നും ഇതിനുകാരണം ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണെന്നും വിലയിരുത്തുന്നു. ആയതിനാൽ മികവുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തണമെന്നും ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള പദ്ധതികളുടെ ഭരണാനുമതി സമയബന്ധിതമായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ടേൺ ഓവർ സാധ്യമാക്കുന്നതിൽ പ്രധാന പങ്ക് ഹോർട്ടികൾച്ചർ പ്ലാന്റേഷൻ പ്രോസസ്സിനുണ്ടെങ്കിലും ഹോർട്ടികൾച്ചർ ഡെവലപ്മെന്റിന് മറ്റ് സംസ്ഥാനങ്ങളെ പോലെ ഒരു ഡെസിഗ്നേറ്റഡ് ഏജൻസിയില്ലെന്ന് മനസ്സിലാക്കിയ സമിതി, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനെ ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റിനായുള്ള നോഡൽ ഏജൻസിയാക്കണമെന്നും പ്രസ്തുത ഏജൻസിക്ക് വ്യക്തമായ ഉത്തരവാദിത്തങ്ങൾ നിർവചിച്ചു നൽകണമെന്നും ശിപാർശ ചെയ്യുന്നു.

18. വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി അവലോകനം, മോണിറ്ററിംഗ് എന്നിവ നടത്തുന്നതിനായുള്ള ബി .പി.ടി. എന്ന സംവിധാനം പദ്ധതി നടത്തിപ്പിന് വളരെ സഹായകരമാണെന്ന് വിലയിരുത്തിയ സമിതി, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നിരീക്ഷണത്തിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും സമാനരീതിയിലുള്ള ഒരു സംവിധാനം ഉണ്ടാകണമെന്നും അതിനുള്ള ചുമതല ബി .പി.ഇ.യെയോ (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) മറ്റ് ഏജൻസികളെയോ ഏൽപ്പിക്കുന്നത് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സഹായകരമാകുമെന്നും വിലയിരുത്തുന്നു . ആയതിനാൽ കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകൾക്കു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നിരീക്ഷണത്തിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ

നൽകുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള ഒരു സർക്കാർ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. പൊതുമേഖലാസ്ഥാപനങ്ങൾ മെഷിനറികൾ വാങ്ങാൻ ഫണ്ട് മാറ്റിവയ്ക്കാറുണ്ടെങ്കിലും അവയുടെ മെയിന്റനൻസിനുള്ള ഫണ്ട് നീക്കിവയ്ക്കാറില്ലെന്നും യഥാസമയം മെഷിനറികളുടെ മെയിന്റനൻസ് നടത്താത്തതിനാൽ അവ ഉപയോഗിക്കാൻ കഴിയാതെ നിഷ്ക്രിയ ആസ്തിയായി മാറുന്നതായും മനസ്സിലാക്കിയ സമിതി, പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങുന്ന മെഷിനറികളുടെ മെയിന്റനൻസിനുള്ള ഫണ്ട് നീക്കിവയ്ക്കണമെന്നും ഓരോ കൃഷിഭവനുകളുടെ കീഴിലുമുള്ള മെഷീനറികളുടെയും അവയുടെ മെയിന്റനൻസും ഉൾപ്പെടെയുള്ള വിവരങ്ങൾ സൂക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നും ശിപാർശ ചെയ്യുന്നു.

20. കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആർ.ഐ.ഡി.എഫ് ഫണ്ട് സ്ഥാപനങ്ങൾ തന്നെ തിരിച്ചടയ്ക്കണമെന്ന് ധനകാര്യ വകുപ്പ് നിർദേശം നൽകിയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രസ്തുത ഫണ്ട് പ്രയോജനപ്പെടുത്തുന്നില്ലെന്നും ഇത്തരത്തിൽ നിർദ്ദേശങ്ങൾ നൽകുന്നത് സംസ്ഥാനത്തിന്റെ വികസനത്തെ സംബന്ധിച്ച കാഴ്ചപ്പാടില്ലാതെയാണെന്നും ആർ.ഐ.ഡി.എഫ്.-ന്റെ പ്രയോജനം സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടാകേണ്ടതാണെന്നും വിലയിരുത്തിയ സമിതി, ധനകാര്യ വകുപ്പിന്റെ പ്രസ്തുത നടപടി പുന:പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

21. പദ്ധതികൾക്കുള്ള ഫണ്ട് നൽകുന്നതിന് ധനകാര്യവകുപ്പ് സീലിംഗ് ലിമിറ്റ് നിശ്ചിച്ചിട്ടുള്ളതിനാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പദ്ധതികൾക്കുള്ള മുഴുവൻ തുകയും ലഭിക്കുന്നില്ലെന്നും ആയത് അവയുടെ പ്രവർത്തനത്തെ ബാധിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രവർത്തന മികവിനെ അടിസ്ഥാനപ്പെടുത്തി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള സീലിംഗ് ലിമിറ്റ് നിശ്ചയിക്കണമെന്നും അതിനുള്ള വിവേചനാധികാരം ഭരണവകുപ്പ് സെക്രട്ടറിക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ ധനകാര്യവകുപ്പ് പ്രതിനിധിയെ നിയമിച്ചിട്ടുള്ളത് സ്ഥാപനത്തിന്റെ സാമ്പത്തികമായ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. സാമ്പത്തികകാര്യ വിഷയങ്ങളിൽ കാലാകാലങ്ങളിൽ വരുന്ന ഭേദഗതികൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും യുക്തമായ തീരുമാനങ്ങളെടുക്കുന്നതിൽ ബോർഡിനെ സഹായിക്കേണ്ടതും ബോർഡിലുള്ള ധനകാര്യവകുപ്പ് പ്രതിനിധിയുടെ ഉത്തരവാദിത്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന സാമ്പത്തിക വിഷയങ്ങളുമായി ബന്ധപ്പെട്ട വീഴ്ചകളിൽ വകുപ്പ് ഉദ്യോഗസ്ഥർക്കും മാനേജിംഗ് ഡയറക്ടർക്കുമൊപ്പം ബന്ധപ്പെട്ട ധനകാര്യവകുപ്പ് പ്രതിനിധിക്കുകൂടി ബാധ്യത നിശ്ചയിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. സമാനമായ പ്രവർത്തനങ്ങൾ നിർവഹിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു ഏകീകൃത മാനേജ്മെന്റ് സംവിധാനത്തിന് കീഴിൽ കൊണ്ടുവരുന്നത് മാനേജ്മെന്റിനെയും ഭരണനിർവ്വഹണത്തെയും സംബന്ധിച്ച ചെലവുകൾ കുറയ്ക്കുകയും, പ്രവർത്തനങ്ങളിലെ അനാവശ്യ ആവർത്തനം ഒഴിവാക്കുകയും ചെയ്യുന്നതിന് സഹായകരമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം ഏകീകൃത മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ പദ്ധതികളുടെയും ഗുണഭോക്താക്കളുടെയും അനാവശ്യമായ ആവർത്തനം നിയന്ത്രിക്കാൻ സാധിക്കുകയും, ഒരേ ലക്ഷ്യത്തിനായുള്ള പല പദ്ധതികളുടെയും ഫലം ഒരേ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന അവസ്ഥ ഒഴിവാകുകയും, സർക്കാർ വിഭവങ്ങൾ കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കപ്പെടുകയും ചെയ്യുമെന്ന് സമിതി കരുതുന്നു. ഏകീകൃത മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും പ്രവർത്തന കാര്യക്ഷമതയും വർദ്ധിക്കുകയും, സ്ഥാപനങ്ങളുടെയും ഭരണസംവിധാനത്തിന്റെയും ചെലവുകൾ കുറയുകയും അതിലൂടെ

ആകെയുള്ള നേട്ടത്തിനു കാരണമാകുകയും ചെയ്യുമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനായി ഒരു ഭരണവകുപ്പിനു കീഴിലുള്ള സമാനമായ പ്രവർത്തനങ്ങൾ നിർവഹിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു ഏകീകൃത മാനേജ്മെന്റ് സംവിധാനത്തിന് കീഴിൽ കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. പദ്ധതികളുടെ വിജയകരമായ നടപ്പാക്കലിനായി ഉദ്യോഗസ്ഥരുടെ ശേഷി വികസനവും മനുഷ്യവിഭവശേഷി മാനേജ്മെന്റും അനിവാര്യമാണെന്നും പ്രോജക്ട് മാനേജ്മെന്റ്, സാമ്പത്തിക മാനേജ്മെന്റ്, നിരീക്ഷണ സാങ്കേതിക വിദ്യകൾ തുടങ്ങിയ മേഖലകളിൽ ഉദ്യോഗസ്ഥർക്ക് സമഗ്രമായ പരിശീലനം നൽകുന്നതിലൂടെ പദ്ധതികളുടെ ആസൂത്രണം , നടപ്പാക്കൽ, ചെലവ് നിയന്ത്രണം, പുരോഗതി നിരീക്ഷണം എന്നിവ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്നും ഡിജിറ്റൽ സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് തന്ത്രങ്ങളും പരിചയപ്പെടുത്തുന്നതോടെ ഉചിതമായ തീരുമാനമെടുക്കാനുള്ള ശേഷി വർദ്ധിക്കുകയും പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കാൻ സാധിക്കുകയും ചെയ്യുമെന്നും സമിതി കരുതുന്നു. അതോടൊപ്പം മനുഷ്യവിഭവശേഷി മേഖലയിൽ പ്രകടന മൂല്യനിർണ്ണയം ശക്തിപ്പെടുത്തി ഇൻസെന്റീവുകളും പ്രോത്സാഹനങ്ങളും നൽകുകയും, നിരന്തര പരിശീലനങ്ങളും സ്കിൽ അപ്ഗ്രഡേഷനും നൽകുകയും ചെയ്യുന്നതിലൂടെ ജീവനക്കാരുടെ പ്രവർത്തന നിലവാരം ഉയർത്തുന്നതിനും അതുവഴി പൊതുധനത്തിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുവാനും കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. അതിനായി പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ/ ഉദ്യോഗസ്ഥരുടെ പ്രൊഫഷണലൈസേഷൻ ഉറപ്പുവരുത്തി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ശക്തവും സുതാര്യവുമായ പെർഫോർമൻസ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മോണിറ്ററിംഗ് സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കാനും സാമ്പത്തിക പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും കഴിയുമെന്നതിനാൽ ERP, MIS തുടങ്ങിയ ഡിജിറ്റൽ റിപ്പോർട്ടിംഗ് സംവിധാനങ്ങൾ

വഴി ഡാറ്റാ ശേഖരണവും വിശകലനവും കാര്യക്ഷമമാക്കുന്നതോടൊപ്പം ഇ-ഗവേണൻസ് സംവിധാനങ്ങളിലൂടെ വാങ്ങലുകൾ, കരാർ നടത്തിപ്പ്, മനുഷ്യവിഭവ മാനേജ്മെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യാവുന്നതുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതുവഴി സാമ്പത്തിക രേഖകൾ സമയബന്ധിതമായി തയ്യാറാക്കുവാനും ഫണ്ട് കൈകാര്യം സുഗമമാക്കുവാനും സമഗ്രമായ പ്രവർത്തനക്ഷമത ഉറപ്പാക്കുവാനും കഴിയുമെന്നും ഡാറ്റ അനലിറ്റിക്സും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഉപയോഗിച്ച് ലാഭനഷ്ട സാധ്യതകൾ മുൻകൂട്ടി കണ്ടെത്താൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. ERP, MIS തുടങ്ങിയ ഡിജിറ്റൽ റിപ്പോർട്ടിംഗ് സംവിധാനങ്ങൾ വഴി ഡാറ്റ ശേഖരണവും വിശകലനവും കാര്യക്ഷമമാക്കണമെന്നും ഇ-ഗവേണൻസ് സംവിധാനങ്ങളിലൂടെ വാങ്ങലുകൾ , കരാർ നടത്തിപ്പ്, മനുഷ്യവിഭവമാനേജ്മെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. പ്രകടന അധിഷ്ഠിത മോണിറ്ററിംഗിനായി വ്യക്തമായ പ്രകടന സൂചികകളും വാർഷിക ലക്ഷ്യങ്ങളും നിശ്ചയിക്കുകയും മന്ത്രാലയവും സ്ഥാപനവും തമ്മിലുള്ള MoU സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കുകയും വേണമെന്നും ഇൻപുട്ടിനോടൊപ്പം ഔട്ട്കം, ഇംപാക്ട് എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകൾ നടത്തുന്നതിലൂടെ സ്ഥാപനങ്ങളുടെ യഥാർത്ഥ സംഭാവന അളക്കാൻ സാധിക്കുമെന്നും കൂടാതെ പദ്ധതി ചെലവ് നിയന്ത്രണം, ഭരണപരമായ ചെലവ് നിയന്ത്രണം, പദ്ധതി നടത്തിപ്പിലെ തടസങ്ങൾ പരിഹരിക്കുന്നതിനുള്ള അടിയന്തര ഇടപെടൽ എന്നിവ കാര്യക്ഷമമാക്കുന്നതിലൂടെ പ്രകടനം മെച്ചപ്പെടുത്താൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടന അധിഷ്ഠിത മോണിറ്ററിംഗ് നടത്തണമെന്നും അതിനായി വ്യക്തമായ പ്രകടന സൂചികകളും വാർഷിക ലക്ഷ്യങ്ങളും നിശ്ചയിച്ച് മന്ത്രാലയവും സ്ഥാപനവും തമ്മിലുള്ള MoU ഫലപ്രദമായി നടപ്പാക്കണമെന്നും ഔട്ട്കം, ഇംപാക്ട് എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. District Industrial Site Selection Committee (DSSC) ആദ്യഘട്ടത്തിൽ അനുയോജ്യമെന്ന് കണ്ടെത്തിയ 9 പൊതുമേഖലാ സ്ഥാപനങ്ങളുടെ 40 ഏക്കറോളം ഭൂമി വ്യവസായ വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള

സാധ്യത പരിശോധിച്ച് വരുന്നതായും അധിക ഭൂമി Central Warehousing Corporation ന് ഗോഡൗൺ സൗകര്യത്തിനായി പാട്ടത്തിനു നൽകുന്നതിന്റെ ഭാഗമായി ഓട്ടോകാസ്റ്റ് ലിമിറ്റഡ് 10 ഏക്കർ ഭൂമി നൽകുന്ന നടപടി അവസാനഘട്ടത്തിലാണെന്നും തെളിവെടുപ്പിലൂടെ സമിതി മനസ്സിലാക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാത്ത കെട്ടിടഭാഗങ്ങൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് "incubation Centre" സ്ഥാപിക്കുന്ന പദ്ധതി KCCP Ltd നടപ്പാക്കിയിട്ടുണ്ടെന്നും KEL-EML ന്റെ ഉപയോഗിക്കാത്ത കെട്ടിട ഭാഗങ്ങൾ ഇത്തരത്തിൽ Start-up-Mission നുമായി സഹകരിച്ചു ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നതായും സമിതിക്ക് ബോധ്യമായിട്ടുണ്ട്.

28. പല പൊതുമേഖലാസ്ഥാപനങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ HPCL, HOCL, Indian Oil Corporation എന്നിവയുമായി സഹകരിച്ച് തങ്ങളുടെ പേരിലുള്ള ഭൂമിയിൽ Petroleum Outlet സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

29. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള നടപ്പാക്കിയ 'NAWO-DHAN' എന്ന പദ്ധതി പ്രകാരം പി.സി.കെ.എൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ തരിശായ സ്ഥലമേറ്റെടുത്ത്, കൃഷി ചെയ്യാൻ താൽപര്യമുള്ളവരെയും കൃഷിക്ക് സ്ഥലം നൽകാൻ താൽപര്യമുള്ളവരെയും ക്ഷണിച്ചിട്ടുണ്ടെന്നും നിലവിൽ ഇളംദേശം ഓയിൽ പാം എസ്റ്റേറ്റ്, കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. <u>പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങളുടെ കൈവശമുള്ള അധികഭൂമിയും ഉപയോഗിക്കാത്ത കെട്ടിടഭാഗങ്ങളും ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

30. കാംകോ (കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്) കർഷകർക്കാവശ്യമായ വളരെയധികം മെഷീനറികൾ നിർമ്മിക്കുന്നുണ്ടെന്നും 'SMAM (Sub-Mission on Agricultural Mechanization)' എന്ന പദ്ധതി കർഷകർക്ക് മെഷീനറി വാങ്ങുന്നതിന് മാത്രമുള്ളതാണെന്നും അംഗീകൃത ഏജൻസികളുമായി കരാറിലേർപ്പെട്ട് ഗുണനിലവാരമുള്ള സാധനങ്ങൾ സംസ്ഥാനത്ത് നിലനിർത്താനുള്ള നടപടി കാംകോ സ്വീകരിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

KAMCO-യുടേത് ഗുണമേന്മയുള്ള ഉൽപന്നങ്ങളായതിനാൽ അവയ്ക്ക് വിലക്കൂടുതലാണെന്നും എന്നാൽ സംസ്ഥാനത്തിനു പുറത്തുനിന്നും കുറഞ്ഞ വിലയ്ക്ക് നിലവാരം കുറഞ്ഞ സാധനങ്ങൾ ലഭിക്കുമെന്നതിനാൽ ഉപഭോക്താക്കൾ അവയിൽ ആകൃഷ്ടരാകുന്നുണ്ടെന്നും ആയതിനാൽ മുൻകാലങ്ങളെ അപേക്ഷിച്ച് കാംകോ മെഷിനറികൾ നിർമ്മിക്കുന്നത് കുറവാണെന്നും സമിതി മനസ്സിലാക്കുന്നു.

31. മലബാർ സിമെന്റ്സ് ലിമിറ്റഡിൽ സിമെന്റ് നിർമ്മിക്കുന്നതിനാവശ്യമായ ക്ലിങ്കർ ഉൽപാദിപ്പിക്കാൻ കഴിയാത്തതിനാൽ പുറത്തുനിന്നും വാങ്ങുന്നത് ഉൽപാദനച്ചെലവ് വർധിപ്പിക്കുന്നതായും സമിതിക്ക് തെളിവെടുപ്പിലൂടെ ബോധ്യമായി. അതുപോലെ KLDC-ക്ക് സ്കീം ഫണ്ട് ലഭ്യമായാൽ അതിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും വിപണി ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

32. മത്സരക്ഷമതയ്ക്ക് ആവശ്യമായ ഫലപ്രദമായ വിപണന സംവിധാനത്തിന്റെയും, വിപണന തന്ത്രത്തിന്റെയും അഭാവം പല പൊതുമേഖലാ സ്ഥാപനങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളിയാണ് . ഉയർന്ന ഉല്പാദന ചെലവാണ് പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും വിപണനത്തെ പ്രതികൂലമായി ബാധിക്കുന്നത്. <u>ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും, അസംസ്കൃത വസ്തുക്കളുടെ പരമാവധി പ്രയോജനപ്പെടുത്തൽ ഉറപ്പുവരുത്തിയും ഉൽപാദന ചെലവ് കുറയ്ക്കുന്ന നടപടികൾ സ്വീകരിച്ചും മാർക്കറ്റിംഗിൽ പുതിയ വിപണനതന്ത്രങ്ങൾക്ക് രൂപം നൽകിയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് എത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

33. ഓരോ സാമ്പത്തിക വർഷവും പൊതുമേഖലാ സ്ഥാപനങ്ങൾ വരുത്തുന്ന നഷ്ടങ്ങളുടെ ആകെ തുകയാണ് 'സഞ്ചിത നഷ്ടം'. പിന്നീടുള്ള വർഷങ്ങളിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി ലാഭമുണ്ടാക്കി 'സഞ്ചിത നഷ്ടം' കുറയ്ക്കുകയാണ് സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനം വഴി ചെയ്യാൻസാധിക്കുന്നതെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം "Equity" ആയി കൺവെർട്ട് ചെയ്യുന്ന നടപടി സ്വീകരിക്കാറുണ്ടെന്നും സമിതി

മനസ്സിലാക്കുന്നു. സർക്കാർ നൽകുന്ന വായ്പയ്ക്ക് പലിശയുള്ളതിനാൽ ആന്വൽ പ്രോഫിറ്റ് & ലോസ് സ്റ്റേറ്റ്മെന്റിൽ ആയത് പ്രതിഫലിക്കുമെന്നും പ്രവർത്തന നഷ്ടമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടം വർധിക്കാൻ ആയത് കാരണമാകുന്നുവെന്നും വിലയിരുത്തിയ സമിതി പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം കുറയ്ക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

34. നിലവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ നൽകുന്നത് Director of Industries & Commerce (DI&C) മുഖാന്തരമാണെന്നും ചെലവാക്കിയ ഫണ്ടിന്റെ ഇനംതിരിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. കമ്പനി തലത്തിൽ ടെക്നിക്കൽ / മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും പ്രവർത്തന അവലോകനം നടത്തിയും സ്ഥാപനം സന്ദർശിച്ചും പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ബി.പി.റ്റി. നൽകിവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. കൃത്യമായ ഇടവേളകളിൽ സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും ഓരോ സ്ഥാപനവുമായി ബന്ധപ്പെട്ട അവലോകന യോഗം ചേർന്ന് പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാൻ പദ്ധതികൾക്ക് ഫണ്ട് സ്വരൂപിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി 2022 ജനുവരിയിൽ BPT യുടെ കീഴിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് (PMU) രൂപീകരിച്ചിരുന്നുവെന്നും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന പദ്ധതികളുടെ ഫണ്ട് സമയബന്ധിതമായി ലഭിക്കാതിരുന്നതിനാലും സർക്കാർ സഹായത്തിനുപരി മറ്റ് ധനാഗമന മാർഗങ്ങൾ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിലും 2024 മാർച്ചിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ (പി.എം.യു) സേവനം നിർത്തിവയ്ക്കേണ്ടിവന്നുവെന്നും നിലവിൽ കമ്പനി തലത്തിൽ ടെക്നിക്കൽ / മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുമ്പോൾ സർക്കാർ / സ്ഥാപനം നിശ്ചയിക്കുന്ന വ്യവസ്ഥകളെല്ലാം

<u>പദ്ധതി നിർവ്വഹണ വേളയിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് പ്രസ്തുത കമ്മിറ്റി പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

36. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഡയറക്ടർ ബോർഡും സാങ്കേതിക വിദഗ്ധരുമുണ്ടെന്നും നിലവിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 28 പൊതുമേഖലാ സ്ഥാപനങ്ങളിൽ വിഷയവിദഗ്ധരെ നിയമിച്ചിട്ടുണ്ടെന്നും കൺസൾട്ടൻസി മുഖേന പ്രോജക്ട് തയ്യാറാക്കി ബോർഡിന്റെ അംഗീകാരത്തോടെയാണ് ബി .പി.ടി.-ക്ക് സമർപ്പിക്കുകയും ആയത് ബി.പി.ടി. പരിശോധിച്ചതിനുശേഷം സർക്കാരിലേക്ക് സമർപ്പിക്കുകയുമാണ് ചെയ്തുവരുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. വ്യവസായ ആവശ്യങ്ങൾ തുടർച്ചയായി മാറുന്ന സാഹചര്യത്തിൽ, പുതുമയുള്ള ചിന്താഗതിയും ആധുനിക സാങ്കേതിക അറിവും ബോർഡിൽ പ്രതിനിധീകരിക്കപ്പെടേണ്ടത് അനിവാര്യമാണെന്നും അതിനാൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള ബോർഡംഗങ്ങളുടെ കഴിവുകൾ സമഗ്രമായി വിലയിരുത്തി , പുതിയ വിഷയ വിദഗ്ധരെ ഉൾക്കൊള്ളുന്ന തരത്തിൽ ബോർഡ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. <u>പ്രോജക്ട് അപ്രൈസൽ, നടപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ നിർദ്ദേശങ്ങൾ നൽകാനുള്ള ശേഷി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിനുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

37. നിലവിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) മുഖേനയാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പല പൊതുമേഖലാ സ്ഥാപനങ്ങളിലും മാനേജിംഗ് ഡയറക്ടർമാർക്ക് മറ്റ് സ്ഥാപനങ്ങളുടെ അധികചുമതല നൽകുന്നതായി തെളിവെടുപ്പ് യോഗങ്ങളിൽ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരമായ മാനേജിംഗ് ഡയറക്ടർമാരുടെ അഭാവവും ചിലർക്ക് അധികചുമതല നൽകുന്നതും സ്ഥാപനങ്ങളുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ആയത് ഒഴിവാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. <u>പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിങ് ഡയറക്ടർമാരെ നിയമിക്കുമ്പോൾ അതത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ളവരെ നിയമിക്കേണ്ടതിന്റെ</u>

ആവശ്യകത ഭരണവകുപ്പ് വിലയിരുത്തണമെന്നും സ്ഥാപനങ്ങളുടെ വ്യവസായ സവിശേഷതകൾക്കനുസരിച്ചുള്ള പ്രത്യേക യോഗ്യതയും പരിശീലനവും ആർജ്ജിച്ച വിഷയ വിദഗ്ധരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. സാമ്പത്തിക മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനായി ആഭ്യന്തര ഓഡിറ്റ്, നിയമപരമായ ഓഡിറ്റ് എന്നിവ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നടത്തണമെന്നും ചെലവ്, ലാഭനഷ്ടം, കടബാധ്യത തുടങ്ങിയ സാമ്പത്തിക ഘടകങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കണമെന്നും സി &എ.ജി.യുടെ റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ ഗൗരവമായിക്കണ്ട് സമയബന്ധിതമായി ന്യൂനത പരിഹാര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. സംസ്ഥാനതലത്തിൽ നിരീക്ഷണ യൂണിറ്റുകൾ സജീവമാക്കി പതിവ് റിവ്യൂ മീറ്റിംഗുകൾ നടത്തണമെന്നും പ്രകടനക്കുറവുകൾ കണ്ടെത്തുന്നിടത്ത് സമയബന്ധിതമായി തിരുത്തൽ നടപടികൾ സ്വീകരിക്കണമെന്നും സ്ഥിരമായി നഷ്ടം വരുത്തുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് പുന:സംഘടന പോലുള്ള യുക്തിപരവും നയപരവുമായ തീരുമാനങ്ങൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് , ബന്ധപ്പെട്ട ഭരണവകുപ്പുകൾ, മേൽനോട്ട സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഓരോ തലത്തിലും വ്യക്തമായി നിർവചിക്കണമെന്നും തീരുമാനമെടുക്കൽ, അനുമതി നൽകൽ, നിർവ്വഹണം, നിരീക്ഷണം എന്നിവയുമായി ബന്ധപ്പെട്ട അധികാരങ്ങളും ബാധ്യതകളും വ്യക്തമാകുമ്പോൾ ആശയക്കുഴപ്പം ഒഴിവാക്കാനും ഉത്തരവാദിത്വം നിശ്ചയിച്ചു നൽകുന്നതിലൂടെ സമയബന്ധിത പ്രവർത്തനം ഉറപ്പാക്കാനും കഴിയുമെന്നും ഇതുവഴി പ്രവർത്തന കാര്യക്ഷമത വർദ്ധിക്കുകയും കാലതാമസം കുറയുകയും പദ്ധതികളുടെ ലക്ഷ്യങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൈവരിക്കാൻ സാധിക്കുകയും ചെയ്യുമെന്നും സമിതി വിലയിരുത്തുന്നു. പദ്ധതിനടപ്പാക്കലിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും ഓരോ തലത്തിലും വ്യക്തമായി നിർവചിക്കണമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. പദ്ധതികളുടെ നടപ്പാക്കലിൽ, ഫണ്ട്, ആവശ്യമായ ഉദ്യോഗസ്ഥർ, സാങ്കേതിക സൗകര്യങ്ങൾ, മറ്റ് അടിസ്ഥാന വിഭവങ്ങൾ എന്നിവയുടെ സമയബന്ധിതമായ ലഭ്യത ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. വിഭവങ്ങളുടെ വിതരണം വൈകുന്നത് പദ്ധതി ചെലവ് വർധിപ്പിക്കുകയും ലക്ഷ്യസാധ്യതയെ ബാധിക്കുകയും ചെയ്യുമെന്നതിനാൽ ആസൂത്രണ ഘട്ടത്തിൽ തന്നെ വ്യക്തമായ വിഭവ വിന്യാസവും സമയക്രമവും നിശ്ചയിക്കണമെന്നും ഇതുവഴി പ്രവർത്തന കാര്യക്ഷമത വർധിക്കുകയും പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുകയും ചെയ്യുമെന്നും സമിതി നിരീക്ഷിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പദ്ധതി തുക സമയബന്ധിതമായി നൽകണമെന്നും ഗവൺമെന്റ് ഗ്യാരന്റി ആവശ്യമുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. പല പൊതുമേഖലാ സ്ഥാപനങ്ങളിലെയും മാനേജിംഗ് ഡയറക്ടർ മാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഔദ്യോഗിക ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തുന്നതായും പൊതുഖജനാവിലെ പണം ദുരുപയോഗം ചെയ്യുന്നതായും കണ്ടെത്തിയ സമിതി അതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമിതി റിപ്പോർട്ടുകളിൽ ശിപാർശ സമർപ്പിച്ചെങ്കിലും സർക്കാർ അതിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെന്നത് സമിതി ഗൗരവമായി കാണുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റവും ഊന്നൽ നൽകുന്നത് സമ്പദ്ഘടനയുടെ പ്രധാനപ്പെട്ട ഘടകങ്ങളായ കൃഷി, വ്യവസായം എന്നീ മേഖലകൾക്കാണെന്നും പ്രസ്തുത മേഖലകൾ ദുർബലമായാൽ ആയത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി, സമിതിറിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും പരിശോധിച്ച് അവയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

43. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകൾ സമയബന്ധിതമായി ഉപയോഗപ്പെടുത്തിയും മോണിറ്ററിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്തം എന്നിവ വർദ്ധിപ്പിച്ചും ജനക്ഷേമ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങായി നിന്നുകൊണ്ട്, ദീർഘകാല സുസ്ഥിരതയു ള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വാർത്തെടുക്കാൻ കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു.

ഇ. ചന്ദ്രശേഖരൻ,

ചെയർപേഴ്സൺ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം

21-01-2026

അനുബന്ധം - I

- 26 -

പതിനഞ്ചാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം 2
2023 സെപ്റ്റംബർ 20

നമ്പർ 431

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2021-23)യുടെ ഉപസമിതി രൂപീകരണം സംബന്ധിച്ച്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച് സ്വതന്ത്രപഠനം നടത്തുന്നതിലേയ്ക്കായി ബഹു. സ്പീക്കറുടെ ഉത്തരവു പ്രകാരം കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയിലെ താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഉപസമിതി രൂപീകരിച്ചിരിക്കുന്നു

1. ശ്രീ. എ. പി. അനിൽകുമാർ
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. പി. നന്ദകുമാർ
5. ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. ചന്ദ്രശേഖരൻ ഉപസമിതിയുടെ അദ്ധ്യക്ഷനായിരിക്കും.

എ. എം. ബഷീർ,
സെക്രട്ടറി.

- 20 - 21 കൃഷി വകുപ്പ്

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26) - കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച് - സ്വതന്ത്ര പഠനം നടത്തുന്നത് - കൃഷി വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിപ്പോർട്ട്

1.	പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമവും വിശദമാക്കുക	പൊതുമേഖല സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസലുകൾ/ പ്രോജക്ടുകൾ സംസ്ഥാനതലത്തിലുള്ള വർക്കിംഗ് ഗ്രൂപ്പ് / സ്റ്റേറ്റ് ലെവൽ സാങ്ഷനിങ് കമ്മിറ്റി പരിഗണിച്ച് ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നു									
2.	2021-25 കാലയളവിൽ വിവിധ പ്രൊജെക്ടുകൾക്കായി കേന്ദ്ര/സംസ്ഥാന ഫണ്ടായി എത്ര തുക ലഭിച്ചിട്ടുണ്ട്; വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് എത്ര തുക വീതമാണ് നൽകിയിട്ടുള്ളത്; വിശദമാക്കുക (തുക ലക്ഷം രൂപയിൽ)	PCK	SFCK	KSCDC	Horticorp	KSWC	VAFPCL	Oil Palm India	KAICO	KAMCO	KLDC
a	വിവിധ പ്രൊജക്ടുകൾക്ക് അനുവദിച്ച കേന്ദ്ര ഫണ്ട് (തുക ലക്ഷം രൂപയിൽ)										
	2021-22	465	0	0	205.45	0	30	0	RKVY-85	RKVY-224	RIDF - 5121.28 RKVY-810.79379
	2022-23		0	0	49.27	0	79.4	260.08	0	RKVY-237.26	RIDF - 4713.95 RKVY - 915.65
	2023-24		0	0	49.99	0	131.95	0	0	RKVY-2173.12	RIDF - 5444.66 RKVY-830.19032
	2024-25		0	0	46.776	0	45.45	811.46667	RKVY-21	RKVY-91.20	RIDF - 3913.6901 RKVY- 269.93
	Total received (after recouping)		0	0			189.4	382.05683		851.58	

b	വിവിധ പ്രോജക്ടുകൾക്ക് ലഭിച്ച സംസ്ഥാന ഫണ്ട് (തുക ലക്ഷം രൂപയിൽ)										
	2021-25	0	0	263.01	4767.7	1414.97048	68.27	15.704	RK I 318.45	RK I -1000	772.5394
3	2021-25 കാലയളവിൽ ഇത്തരത്തിൽ തുക അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ	**1. Plantation Corporation of Kerala Ltd** 1. Production of cashew apple juice & carbonated drinks in Kasargod district - project nearing completion. 2. Promotion of Passion fruit cultivation & value addition in 3 districts of Kerala - not completed due to financial crisis, delayed fund release & Covid 19 **2. Kerala State Coconut Development Corporation Ltd** G.O (Rt) No. 588/2023/AGRI തീയതി 16.06.2023 പ്രകാരം രണ്ട് കോടി രൂപ ആറ്റിങ്ങൽ മാമത്ത് 30 മെട്രിക് ടൺ ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനും അനുബന്ധ വർക്കുകൾക്കുമായി sanction ചെയ്തിരുന്നു. ഇതിൽ G.O (Rt) No. 1003/2023/AGRI തീയതി 13.10.2023 പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. **3. Kerala State Warehousing Corporation** 2021-25 കാലയളവിൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ കൊഴിഞ്ഞാമ്പാറ മുതലമട പുനലൂർ ഹൗസുകളിൽ പുതിയ ഗോഡൗണുകളുടെ നിർമ്മാണത്തിനായി ലഭിച്ച പ്ലാൻ ഫണ്ട് പൂർണമായും വിനിയോഗിക്കുകയും പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് **4. വാഴക്കുളം അഗ്രോ & ഫ്രൂട്ട്സ് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്** പൈനാപ്പിൾ ലീഫ് ബേസ്ഡ് ബയോ ഡിഗ്രേഡബിൾ പ്ലേറ്റ്സ് ആൻഡ് കട്ലറീസ് പ്രോജക്ട് അന്തിമഘട്ടത്തിലാണ് **5.കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്** RKVY 2016 -17 Modernisation of Agro Fruit Products പദ്ധതി പൂർത്തീകരിച്ചു RKVY Setting up of Agricultural related activities?implements manufacturing facility at Palakkad പദ്ധതി പൂർത്തീകരണം പുരോഗമിക്കുന്നു RKI - Improved infrastructural facilities to overcome flood and drought in Thrissur പദ്ധതി പൂർത്തീകരിച്ചു **6. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്** കേന്ദ്രഫണ്ട് മുഖേന ആരംഭിച്ച പദ്ധതികൾ പൂർത്തീകരിച്ച് utilization സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട് **7. ഹോർട്ടികോർപ്പ്** കേന്ദ്രഫണ്ട് മുഖേന ആരംഭിച്ച പദ്ധതികൾ പൂർത്തീകരിച്ച് utilization സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്									

Promotion of Apiculture (2021-22)	പൂർത്തിയാക്കി
Pollination support through Beekeeping (2021-22)	പൂർത്തിയാക്കി
Equipment Manufacturing Unit at Cherthala (2021-22)	പൂർത്തിയാക്കി
High range Beekeeping Centre at Kochara (2021-22)	പുരോഗമിക്കുന്നു
Cold chain, Munnar (2022-23)	പുരോഗമിക്കുന്നു
Promotion of Apiculture (2022-23)	പുരോഗമിക്കുന്നു
Pollination support through Beekeeping (2022-23)	പൂർത്തിയാക്കി
Pollination support through Beekeeping (2023-24)	പുരോഗമിക്കുന്നു
Pollination support through Beekeeping (2024-25)	പുരോഗമിക്കുന്നു

8. കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ

RIDF സ്കീമിലെ 21 പദ്ധതികളിൽ 12 എണ്ണം പൂർത്തിയാക്കി, ഒരെണ്ണം പൂർത്തിയാകാറായി, ശേഷിക്കുന്ന 8 പദ്ധതികകളിൽ പ്രവർത്തനം തുടർന്നു വരുന്നു. RKVY സ്കീമിലെ 4 പദ്ധതികളിൽ 1 എണ്ണം പൂർത്തിയാക്കി, ഒരെണ്ണം പൂർത്തിയാകാറായി, ശേഷിക്കുന്ന 2 പദ്ധതികകളിൽ പ്രവർത്തനം തുടർന്നു വരുന്നു. 2021-25 കാലയളവിലെ 14 പദ്ധതികളിൽ ഏഴെണ്ണം പൂർണ്ണമായും പൂർത്തിയാക്കുകയും ഏഴെണ്ണം പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

4	സ്റ്റേറ്റ് / സെൻട്രൽ ഫണ്ട് മുഖേന ആരംഭിച്ച പദ്ധതികൾ പൂർത്തീകരിച്ചതിന് / സ്റ്റേജ് കംപ്ലീഷന് ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയാതെ വന്നതിനാൽ പ്രൊജക്റ്റ് പാതിവഴിയിലാവുകയോ കേന്ദ്ര ഫണ്ട് നഷ്ടപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ	ഇല്ല
5	ഇത്തരത്തിൽ ഏതെങ്കിലും പ്രൊജക്റ്റുകൾ സർക്കാരിന് ബാധ്യത വരുത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ എണ്ണം എത്രയാണെന്നും അവ	ബാധകമല്ല

	ഏതൊക്കെയാണെന്നും വിശദമാക്കുക	
6	2021-25 കാലയളവിൽ സെൻട്രൽ ഫണ്ട് നഷ്ടപ്പെടുത്തി സാമ്പത്തികമായി സർക്കാരിന് വൻതുക നഷ്ടം വരുത്തിയതിന് ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?	ഇല്ല
7	മതിയായ സാധ്യതാപഠനം നടത്താത്തതിനാലും സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതിനാലും പദ്ധതി ആരംഭിച്ച ശേഷം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?	ബാധകമല്ല
8	2021-25 കാലയളവിൽ തുക അനുവദിച്ച പദ്ധതികളിൽ :	
	a) സാധ്യത പഠനം നടത്തിയവ ഏതൊക്കെ	**ഹോർട്ടികോർപ്പ്** –1. Promotion of Apiculture 2. Pollination support through Beekeeping 3. Equipment manufacturing Unit at Cherthala 4. High range Bee keeping Centre at Kochara 5. Cold Chain, Munnar **വാഴക്കുളം അഗ്രോ & ഫ്രൂട്ട്സ് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്** പൈനാപ്പിൾ ലീഫ് ബേസ്ഡ് ബയോ ഡിഗ്രേഡബിൾ പ്ലാന്റ് **കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്** KLDC മുഖേന തൃശ്ശൂർ പൊന്നാനി കോൾ മേഖലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ സമഗ്ര കോൾ വികസന പദ്ധതിയിൽ സർക്കാർ ഉത്തരവ് പ്രകാരം കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്
	b) സാധ്യത പഠനം നടത്താത്തവ ഏതൊക്കെ	ഇല്ല
9	2021-25 കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സാധ്യത പഠനം നടത്താതെ പദ്ധതി ആരംഭിച്ച് പാതിവഴിയിൽ നിർത്തിവെച്ചതിലൂടെ എത്ര രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുണ്ട് ?	ഇല്ല

10	പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് മുൻപ് പദ്ധതികളുടെ ടെക്നിക്കൽ, ഫിനാൻഷ്യൽ വയബിലിറ്റി വിലയിരുത്താറുണ്ടോ; എങ്കിൽ അതിന് എന്ത് നടപടിക്രമങ്ങളാണ് പിന്തുടർന്ന് വരുന്നത് ?	വിലയിരുത്താറുണ്ട്. വിശദമായ ഡി പി ആർ വർക്കിംഗ് ഗ്രൂപ്പ് മറ്റ് സമിതികൾ പരിശോധിച്ച്, ചർച്ച ചെയ്ത വിലയിരുത്തി അംഗീകാരം നൽകുന്നു
11	പദ്ധതി നടത്തിപ്പിന് ആവശ്യമായ സാങ്കേതിക അറിവ് സ്ഥാപനങ്ങൾക്ക് ഇല്ലാത്തപക്ഷം കൺസൾട്ടൻസി സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാറുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?	**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്** ഉണ്ട് കാഷ്യു ആപ്പിൾ കാർബണേറ്റ് ഡ്രിങ്ക് പ്രോജക്ടുമായി ബന്ധപ്പെട്ട് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും കൺസൾട്ടൻസി സേവനം ലഭ്യമാക്കിയിട്ടുണ്ട് **കേരള നാളികേര വികസന കോർപ്പറേഷൻ** കൺസൾട്ടൻസി സേവനം ആവശ്യമാണ് വെളിച്ചെണ്ണ പ്ലാന്റുമായി ബന്ധപ്പെട്ട ഇറക്ഷൻ സമയത്ത് സിവിൽ വർക്കിനും ഇലക്ട്രിക്കൽ വർക്കിനും ഫയർ ആൻഡ് സേഫ്റ്റി സംവിധാനത്തിനുമായി കേരള ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു **ഹോർട്ടികോർപ്പ്** ഉണ്ട് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, നാഷണൽ ബി കീപ്പിംഗ് ആൻഡ് ഹണി മിഷൻ മുഖേന സേവനം ലഭ്യമാക്കാറുണ്ട് **കേരള വെയർഹൗസിംഗ് കോർപ്പറേഷൻ ലിമിറ്റഡ്** സാങ്കേതിക അനുമതിക്ക് വേണ്ടി കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രവുമായി ഉടമ്പടി വച്ചിട്ടുണ്ട് **വാഴക്കുളം അഗ്രോ & ഫ്രൂട്ട്സ് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്** പദ്ധതി നടത്തുന്നതിന് കൺസൾട്ടൻസി സേവനം ലഭ്യമാക്കാറുണ്ട്. കിറ്റ്കോ (ജ്യൂസ് യൂണിറ്റ്) NCSIR- IIST (ബയോ ഡീഗ്രേഡബിൾ പ്ലാന്റ്) കിറ്റ്കോ (ജാം യൂണിറ്റ്) എന്നീ സർക്കാർ സ്ഥാപനങ്ങൾ കൺസൾട്ടൻസി നൽകിയിട്ടുണ്ട്. **കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ** KLDC മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികളിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ആർക്കിടെക്ചർൽ, പ്രവർത്തികൾക്ക് ഏജൻസികളുടെ കൺസൾട്ടൻസി സേവനം ഉപയോഗപ്പെടുത്താറുണ്ട്
12	സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ ഫണ്ട് വക മാറ്റൽ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു?	ഫണ്ട് വക മാറ്റൽ നടത്തിയിട്ടില്ല
13	പദ്ധതികളുടെ നിർവഹണത്തിന് പ്രൊജക്റ്റ് മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;	പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. കൃഷി ഡയറക്ടർ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്

	ഉണ്ടെങ്കിൽ കമ്മിറ്റിയുടെ ഉത്തരവാദിത്വം വ്യക്തമാക്കാമോ ?	
14	പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് പ്രൊജക്ട് മോണിറ്ററിങ് കമ്മിറ്റി സ്റ്റേജ് വൈസ് കംപ്ലീഷൻ റിപ്പോർട്ട് ലഭ്യമാക്കാറുണ്ടോ ?	നിർവഹണ ഏജൻസികൾ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാറുണ്ട്.
15	ഭരണാനുമതി പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ ഫണ്ടുകൾ കർശനമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നിരീക്ഷണ സംവിധാനങ്ങളാണ് കൃഷി വകുപ്പിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ ?	കൃഷി ഡയറക്ടറുടെ മോണിറ്ററിങ്ങിന് പുറമേ കേന്ദ്ര ഫണ്ട് ലഭിച്ച പദ്ധതികൾക്ക് എജി ഓഡിറ്റ് നടത്തുന്നുണ്ട് .
16	പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ബി പി റ്റി (പഴയ റിയാബ്) അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; പദ്ധതികളുടെ സാങ്കേതികവും വാണിജ്യപരവുമായ സാദ്ധ്യതകൾ വിലയിരുത്തി ശിപാർശകൾ നൽകുന്നതിന് ബി പി റ്റി ക്ക് കഴിയുന്നുണ്ടോ ?	ബാധകമല്ല
17	ബി പി റ്റി യുടെ ശിപാർശകൾ പ്രകാരം ഭരണാനുമതി നൽകുന്ന വാണിജ്യ വ്യവസായ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ ഘടന വിശദമാക്കാമോ; അതിൽ ടെക്നിക്കൽ ഫിനാൻഷ്യൽ എക്സ്പെർട്സ് ഉണ്ടോ ?	ബാധകമല്ല
18	പ്രോജക്ടിന്റെ ഡി പി ആർ തയ്യാറാക്കുന്നത് കൺസൾട്ടിങ് ഏജൻസിയാണെങ്കിൽ പ്രസ്തുത ഡി പി ആറിന് അംഗീകാരം നൽകുന്നതിന് തക്ക പരിജ്ഞാനമുള്ളവർ	വിലയിരുത്തിയിട്ടില്ല.

	ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുക	
19	ഡി പി ആർ സമർപ്പിക്കാതെയും ഭരണാനുമതി ലഭിക്കാതെയും പദ്ധതികൾ ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് എന്തൊക്കെ നിരീക്ഷണ സംവിധാനങ്ങളാണ് നിലവിലുള്ളത് ?	ബാധകമല്ല
20	പൊതുമേഖലാ സ്ഥാപനങ്ങൾ ടെൻഡർ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത് ?	എല്ലാ പദ്ധതികളുടെയും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഉത്തരവിൽ ടെൻഡർ വ്യവസ്ഥകൾ പാലിക്കണമെന്ന നിർദേശം നൽകുന്നുണ്ട്.
21	നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?	ഉണ്ട്
22	പൊതുമേഖലാ സ്ഥാപനങ്ങളുടെ റെവന്യൂ വർധിപ്പിക്കുന്നതിന് ഫലപ്രദമായ മാർക്കറ്റിംഗ്, സെയിൽസ് സ്ട്രാറ്റജി അതോടൊപ്പം വ്യായാ നിയന്ത്രണം എന്നിവയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?	**<u>പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്</u>** കോർപ്പറേഷൻ വക പ്രധാന ഉൽപ്പന്നങ്ങളായ 60% ലാറ്റക്സ് , കശുവണ്ടി, ഓയിൽ പാം എന്നിവയുടെ വില്പനയിൽ ഉയർന്ന വിലയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി മുദ്രവച്ച ദർഘാസ് കൂടാതെ ഇ-ദർഘാസ് കം ഓക്ഷൻ എന്നിവയും നടപ്പിലാക്കിയിട്ടുള്ളതും ആയവ മുഖേന പരമാവധി ഉയർന്ന വരുമാനം കോർപ്പറേഷന് ലഭിച്ചുവരുന്നതും ആകുന്നു. **<u>സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ്</u>** SFCK യുടെ പ്രധാന വരുമാനം റബ്ബറിൽ നിന്നുള്ള വിറ്റു വരവാണ്. നിലവിൽ കോർപ്പറേഷന്റെ പ്രധാന റബർ ഉൽപ്പന്നമായ സെനക്സിന് ഉത്തരേന്ത്യ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നല്ല ഡിമാൻഡ് ഉള്ളതിനാൽ റബർ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് കാര്യമായ വെല്ലുവിളി ഇല്ല . എന്നാൽ കോർപ്പറേഷൻ നേരിടുന്ന പ്രധാന വെല്ലുവിളി റബർ ഉൽപാദനത്തിനുള്ള കുറവാണ്. നിലവിൽ കോർപ്പറേഷൻ replanting പ്രക്രിയയിലൂടെ കടന്നുപോകുന്നതിനാൽ തന്നെ ആകെ വിസ്തൃതിയുടെ 30 ശതമാനത്തിൽ നിന്ന് മാത്രമേ വരുമാനം ലഭിക്കുന്നുള്ളൂ. എന്നാൽ ഉൽപാദനം ലഭിക്കുന്ന റബർ ഉൽപ്പന്നങ്ങളുടെ വിൽപ്പന നടത്തുന്നതിൽ കാര്യമായ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. **<u>കേരള നാളികേര വികസന കോർപ്പറേഷൻ</u>** റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ബൾക്ക് ട്രേഡിങ്ങും മാർക്കറ്റിംഗ് പാർട്ട്ണർമാരിലൂടെയും വെളിച്ചെണ്ണ വില്പനയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

		ഹോർട്ടികോർപ്പ് വരും വർഷങ്ങളിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് Outlook Horticorp എന്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട് **കേരള വെയർഹൗസിംഗ് കോർപ്പറേഷൻ ലിമിറ്റഡ്** വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഗോഡൗണുകൾ കൂടാതെ കൂടുതൽ ഗോഡൗണുകൾ വാടകയ്ക്ക് എടുക്കുകയും സാധനങ്ങൾ സംഭരിക്കുകയും ചെയ്യുന്നുണ്ട്. സർക്കാരിൽ നിന്ന് പാട്ടത്തിന് സ്ഥലം എടുത്ത് ഗോഡൗണുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സാധ്യമായ സ്ഥലങ്ങളിൽ മൊബൈൽ ടവർ സ്ഥാപിക്കുകയും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.
23	പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും അവയെ സ്വയംപര്യാപ്തമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?	**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്** a) Replanting പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും പഠനത്തിന്റെ അടിസ്ഥാനത്തിൽ പഴയതും ഉൽപാദനക്ഷമത കുറഞ്ഞതുമായ റബ്ബർ, കശുമാവ്, ഓയിൽപാം പ്ലാന്റേഷനുകൾ ഘട്ടം ഘട്ടമായി റിപ്ലാൻഡിങ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 30 വർഷത്തിൽ കൂടുതൽ പ്രായമായ മരങ്ങൾ ഉള്ള റബർ ഫീൽഡുകൾ കണ്ടെത്തി സ്ലോട്ടർ കൊട്ടുത്തുകൊണ്ട് മരം മുറിച്ചുമാറ്റി റിപ്ലാൻഡിങ് നടത്തുവാനും അവിടെ പൈനാപ്പിൾ ഇടവിള കൃഷി ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത് കോർപ്പറേഷന്റെ ഉത്പാദനക്ഷമത ഉയർത്തുന്നതിനും വരുമാനം ഉയർത്തുന്നതിനും ഇടയാകും . b) CASH TAPPING – വിദഗ്ധരായ ടാപ്പർമാരുടെ കുറവ് നേരിടുന്നതിനാൽ നിലവിലുള്ള ടാപ്പർമാർക്ക് ഓരോ മാസവും ലാഭകരമായ ഇൻസെന്റീവ് വേതനം ലഭിക്കുന്നുണ്ടെന്നും അതുവഴി കൂടുതൽ ജോലികൾ ഏറ്റെടുക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി cash tapping എന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു. ഇതുവഴി ലാറ്റക്സ് ഉൽപാദനം ഗണ്യമായി ഉയർന്നിട്ടുണ്ട്. വ്യവസായ വെല്ലുവിളികളെ തരണം ചെയ്യുന്നതിൽ സർഗാത്മകതക്കും ജീവനക്കാരുടെ സംതൃപ്തിക്കും മുൻഗണന നൽകുന്നു c) Slaughter tapping by PCK workers 2023 –ൽ PCKL ൽ വിവിധ എസ്റ്റേറ്റുകളിൽ ഉടനീളമുള്ള പ്രായമേറിയതും ഉൽപാദനം കുറഞ്ഞതുമായ റബ്ബർ മരങ്ങൾ Slaughter ടാപ്പിങ്ങിനായി കരാർ അടിസ്ഥാനത്തിൽ നൽകുവാൻ ആരംഭിച്ച നിലവിലുള്ള ടാപ്പർമാരും അവരുടെ ആശ്രിതരും 50:50 ഉത്പാദനം ഷെയറിങ് സ്കീമിന് കീഴിൽ ഈ പദ്ധതിയിൽ ഏർപ്പെടുന്നു. ഉത്പാദിപ്പിക്കുന്ന ലാറ്റക്സ് നിലവിലുള്ള മാർക്കറ്റ് നിരക്കിൽ വില നൽകി തൊഴിലാളികളുടെ വിഹിതം PCKL ഏറ്റെടുക്കുന്നു. ഈ സമീപനം പ്രവർത്തനരഹിതമായ റബർ മരങ്ങളെ പുനരുജ്ജീവിപ്പിക്കുക മാത്രമല്ല ലാഭകരവും പരസ്പര പ്രയോജനകരവുമായ പ്രോത്സാഹന ഘടന ഉപയോഗിച്ച് തൊഴിലാളികളെ ശാക്തീകരിക്കുകയും ചെയ്യുന്നു. **സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്** പ്ലാൻറ്റേഷൻ സെക്ടറിൽ ഉള്ള പൊതുമേഖല സ്ഥാപനം എന്ന നിലയിൽ വരുമാനം ഉയർത്തുന്നതുമായി

		ബഡ്ജെറ്റ് 2022-23 സാമ്പത്തിക വർഷം മുതൽ ഞെറിന് ഇടവിളയായി പൈനാപ്പിൾ കൃഷി കരാർ വ്യവസ്ഥയിൽ ചെയ്തുകൊണ്ടുള്ള replanting ആരംഭിച്ചിരിക്കുകയാണ്. ഇതിൽ നിന്നും ഒരു നിശ്ചിത വരുമാനം കോർപ്പറേഷനു ലഭിക്കുന്നു. കൂടാതെ ഗുണമേന്മയുള്ള ഫലവൃക്ഷത്തൈകൾ, അലങ്കാര സസ്യങ്ങൾ, റബ്ബർ, കശുമാവ് ഉൾപ്പെടെയുള്ള നാണ്യവിളകളുടെ തൈകൾ എന്നിവ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭിക്കുന്നതിന് കോർപ്പറേഷൻ ചിതൽ വെട്ടി എസ്റ്റേറ്റിലെ വാഴപ്പാറ ഏരിയയിൽ ഏഴ് ഹെക്ടറിൽ ഹൈടെക് നഴ്സറിയും ആയതിന്റെ വിപുലീകരണം 2021 മുതൽ ആരംഭിച്ചിട്ടുണ്ട്. **കേരള നാളികേര വികസന കോർപ്പറേഷൻ** ഉൽപാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു **ഹോർട്ടികോർപ്പ്** കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റം (MIS) നടപ്പിലാക്കി വരുന്നു **കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ** KLDC യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തമാക്കുന്നതിനും acumulated loss കുറയ്ക്കുന്നതിനും ആയി കാർഷിക മേഖലയുടെ വികസനത്തിന് ആവശ്യമായ നിരവധി പ്രോജക്റ്റുകൾ എല്ലാവർഷവും KLDC മുഖേന സർക്കാരിൽ അനുമതിക്കായി സമർപ്പിക്കുന്നുണ്ട്
24	പൊതുമേഖലാ സ്ഥാപനങ്ങളിലെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്	പൊതുമേഖല സ്ഥാപനങ്ങളിൽ ഭരണപരമായ ഇടപെടലുകൾ സർക്കാർ തലത്തിൽ നടത്തിയിട്ടില്ല. സ്ഥാപനങ്ങൾ അവരുടേതായ നിലയ്ക്ക് വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്.
25	പൊതുമേഖലാ സ്ഥാപനങ്ങളുടെ accumulated loss കുറയ്ക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ / നടപടികൾ സ്വീകരിച്ചിട്ടുണ്ടോ	**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്** ഉൽപാദനശേഷി കുറഞ്ഞതും പ്രായം ചെന്നതുമായ റബ്ബർ മരങ്ങൾ വെട്ടി replanting നടത്തിവരുന്നു കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിൽ തരിശുനില സ്ഥലങ്ങൾ സോളാർ പ്ലാൻറ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു vacant land, മറ്റ് diversifying projects എന്നിവയൊക്കെ മോണിറ്ററൈസ് ചെയ്യുന്നതിന് വേണ്ടി ഒരു കൺസൾട്ടന്റിനെ മത്സര അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും കോൺസൾട്ടന്റെ വിശദമായ പഠനത്തിനുശേഷം തന്നിട്ടുള്ള റിപ്പോർട്ട് കോർപ്പറേഷൻ ബോർഡ് പരിഗണിക്കുകയും ആയതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. **കേരള നാളികേര വികസന കോർപ്പറേഷൻ** വിപണന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി വരുന്നു **കേരള വെയർഹൗസിംഗ് കോർപ്പറേഷൻ ലിമിറ്റഡ്** വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഗോഡൗണുകൾ കൂടാതെ കൂടുതൽ ഗോഡൗണുകൾ വാടകയ്ക്ക് എടുക്കുകയും സാധനങ്ങൾ സംഭരിക്കുകയും ചെയ്യുന്നുണ്ട്. സർക്കാരിൽ നിന്ന് പാട്ടത്തിന് സ്ഥലം എടുത്ത്

		ഗോഡൗണുകൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സാധ്യമായ സ്ഥലങ്ങളിൽ മൊബൈൽ ടവർ സ്ഥാപിക്കുകയും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ 2016-17 ൽ 33.27 കോടി ആയിരുന്നത് 2023-24 വർഷത്തോടു കൂടി 7.75 കോടിയായി കുറച്ചിട്ടുണ്ട്.
26	പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിങ് ഡയറക്ടർ തസ്തിക ഒഴിച്ചിടുന്നതും അധികച്ചുമതല നൽകുന്നതും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത കുറയ്ക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ	വിലയിരുത്തിയിട്ടില്ല
27	പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിങ് ഡയറക്ടർമാരെ നിയമിക്കുമ്പോൾ അതത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ളവരെ നിയമിക്കേണ്ട ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ?	വിലയിരുത്തിയിട്ടില്ല

സുരേഷ് കുമാർ കെ.
(പെൻ നം. 101654)
അഡീഷണൽ സെക്രട്ടറി
കൃഷി വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം
മൊബൈൽ-6238987523

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-2026), കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച് സ്വതന്ത്രപഠനം നടത്തുന്നതിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുള്ള ചോദ്യാവലിയിന്മേലുള്ള റിപ്പോർട്ട്

1. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമവും വിശദമാക്കുക ?

   പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര ഫണ്ട് ലഭിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ/വൈവിധ്യവൽക്കരണ /ഉല്പാദന ശേഷി വർധിപ്പിക്കൽ/ മൂല്യ വർദ്ധിത ഉത്പാദനം തുടങ്ങിയ പദ്ധതികൾക്ക് സ്ഥാപനങ്ങൾ നൽകുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (BPT) തലത്തിൽ പ്രാഥമിക പരിശോധന നടത്തി പ്ലാനിംഗ് ബോർഡ് / വ്യവസായ വകുപ്പുമായി വിവിധ തലങ്ങളിൽ നടത്തുന്ന ചർച്ചകൾക്ക് ശേഷം പ്ലാനിംഗ് ബോർഡാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇത്തരത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ DPR ഉൾപ്പടെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (BPT) സമർപ്പിക്കുന്ന ശിപാർശകൾ വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചതിനു ശേഷമാണ് ഭരണാനുമതി നൽകുന്നത്.

2. 2021-25 കാലയളവിൽ വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര/സംസ്ഥാന ഫണ്ടായി എത്ര തുക ലഭിച്ചിട്ടുണ്ട്, വകുപ്പിനു കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതമാണ് നൽകിയിട്ടുള്ളത്, വിശദമാക്കുക ?

   പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

   കിൻഫ്ര വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

Fund Released from 2021-25 to KINFRA				
SL No	Year	Fund from Gok (in lakhs)	Fund from Gok (in lakhs)	Total
1	2021-22	25,463.35		25,463.35
2	2022-23	6,142.49	1,118.51	7,261.00
3	2023-24	22,544.69	6,052.50	28,597.19
4	2024-25	2,912.00	6,215.71	9,127.71
	Total	57,062.53	13,386.72	70,449.25

3. 2021-25 കാലയളവിൽ ഇത്തരത്തിൽ തുക അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 1)

കിൻഫ്ര വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 2)

കെ. എസ്. ഐ. ഡി. സി യുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം 3)

4. സ്റ്റേറ്റ്/സെൻട്രൽ ഫണ്ട് മുഖേന ആരംഭിച്ച പദ്ധതികൾ പൂർത്തീകരിച്ചതിന് / സ്റ്റേജ് കംപ്ലീഷന് ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയാതെ വന്നതിനാൽ പ്രോജക്ട് പാതിവഴിയിലാവുകയോ കേന്ദ്ര ഫണ്ട് നഷ്ടപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ, അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര ഫണ്ട് ലഭിക്കുന്നില്ല.

5. ഇത്തരത്തിൽ ഏതെങ്കിലും പ്രോജക്ടുകൾ സർക്കാരിന് ബാധ്യത വരുത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ എണ്ണമെത്രയാണെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുക ?

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര ഫണ്ട് ലഭിക്കുന്നില്ല.

6. 2021-25 കാലയളവിൽ സെൻട്രൽ ഫണ്ട് നഷ്ടപ്പെടുത്തി സാമ്പത്തികമായി സർക്കാരിന് വൻതുക നഷ്ടം വരുത്തിയതിന് ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ, വിശദമാക്കാമോ ?

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര ഫണ്ട് ലഭിക്കുന്നില്ല.

7. മതിയായ സാധ്യതാപഠനം നടത്താത്തതിനാലും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും പദ്ധതി ആരംഭിച്ച ശേഷം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?

വിഭവ പരിമിതി മൂലം യഥാസമയം ഫണ്ട് അനുവദിക്കുവാൻ കഴിയാതെ വരുമ്പോൾ സാധാരണയായി ചില പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

8. 2021-25 കാലയളവിൽ തുക അനുവദിച്ച ഏതെല്ലാം പദ്ധതികൾക്ക് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്; സാധ്യതാ പഠനം നടത്താത്തവ ഏതൊക്കെ ?

വിശദമായ ഡിപിആറിനെ അടിസ്ഥാനമാക്കി ആരംഭിക്കുന്ന പദ്ധതികൾ ഫണ്ട് ലഭ്യതക്കനുസരിച്ച് കഴിവതും സമയബന്ധിതമായി പൂർത്തിയാക്കാറുണ്ട് .

9. 2021-25 കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സാധ്യതാപഠനം നടത്താതെ പദ്ധതി ആരംഭിച്ച് പാതിവഴിയിൽ നിർത്തിവച്ചതിലൂടെ എത്ര രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുണ്ട് ?

വിശദമായ ഡിപിആറിനെ അടിസ്ഥാനമാക്കി ആരംഭിക്കുന്ന പദ്ധതികൾ ഫണ്ട് ലഭ്യതക്കനുസരിച്ച് കഴിവതും സമയബന്ധിതമായി പൂർത്തിയാക്കാറുണ്ട് .

10. പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനു മുമ്പ് പദ്ധതികളുടെ ടെക്നിക്കൽ, ഫിനാൻഷ്യൽ വയബിലിറ്റി വിലയിരുത്താറുണ്ടോ, എങ്കിൽ അതിന് എന്ത് നടപടിക്രമങ്ങളാണ് പിന്തുടർന്ന് വരുന്നത് ?

ഉണ്ട്. പദ്ധതികളുടെ സാങ്കേതികപരവും വാണിജ്യപരവുമായ സാധ്യതകൾ പരിശോധിച്ചാണ് അംഗീകാരം നൽകുന്നത്.

11. പദ്ധതി നടത്തിപ്പിന് ആവശ്യമായ സാങ്കേതിക അറിവ് സ്ഥാപനങ്ങൾക്ക് ഇല്ലാത്തപക്ഷം കൺസൾട്ടൻസി സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാറുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ആവശ്യമായ ഘട്ടത്തിൽ കമ്പനി തലത്തിൽ കൺസൾട്ടൻസി സേവനം സ്വീകരിക്കാറുണ്ട്.

12. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ ഫണ്ട് വകമാറ്റൽ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ, അത്തരം സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു ?

നഷ്ടത്തിൽ പ്രവർത്തിക്കുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ അത്യാവശ്യ ഘട്ടങ്ങളിൽ സർക്കാരിന്റെ അനുമതിയോടും അല്ലാതേയും ഫണ്ട് വകമാറ്റാറുണ്ട്. ജീവനക്കാരുടെ മുടങ്ങിയ ശമ്പളം നൽകുന്നതിനാണ് കൂടുതലും ഫണ്ട് വകമാറ്റുന്നത്. ആവശ്യകത പ്രത്യേകമായി പരിശോധിച്ച സാധൂകരണം നൽകുന്നത് സർക്കാർ പരിഗണിയ്ക്കാറുണ്ട് നിലവിൽ ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

13. പദ്ധതികളുടെ നിർവ്വഹണത്തിന് പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ കമ്മിറ്റിയുടെ ഉത്തരവാദിത്വം വ്യക്തമാക്കുമോ ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാൻ പദ്ധതികൾക്ക് ഫണ്ട് സ്വരൂപിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി 2022 ജനുവരിയിൽ BPTയുടെ കിഴിൽ ഒരു Project Monitoring Unit (PMU) രൂപീകരിച്ചിരുന്നു. സർക്കാർ സഹായത്തിനുപരി മറ്റ് ധനാഗമന മാർഗങ്ങൾ മാസ്റ്റർപ്ലാൻ പദ്ധതി പൂർത്തീകരണത്തിന് കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ 2024 march ൽ Project Monitoring Unit(PMU) ന്റെ സേവനം നിർത്തിവയ്ക്കേണ്ടിവന്നു. നിലവിൽ കമ്പനി തലത്തിൽ ടെക്നിക്കൽ / മോണിറ്ററിങ് കമ്മറ്റികൾ രൂപീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

14. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി സ്റ്റേജ് വൈസ് കംപ്ലീഷൻ റിപ്പോർട്ട് ലഭ്യമാക്കാറുണ്ടോ ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാൻ പദ്ധതികൾക്ക് ഫണ്ട് സ്വരൂപിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി 2022 ജനുവരിയിൽ BPTയുടെ കിഴിൽ ഒരു Project Monitoring Unit (PMU) രൂപീകരിച്ചിരുന്നു. എന്നാൽ, സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന പദ്ധതികളുടെ ധനം പോലും സമയബന്ധിതമായി ലഭിക്കാതിരുന്നതു കൊണ്ടും സർക്കാർ സഹായത്തിനുപരി മറ്റ് ധനാഗമന മാർഗങ്ങൾ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിലും 2024 march ൽ Project Monitoring Unit(PMU) ന്റെ സേവനം നിർത്തിവയ്ക്കേണ്ടിവന്നു. നിലവിൽ കമ്പനി തലത്തിൽ ടെക്നിക്കൽ / മോണിറ്ററിങ് കമ്മറ്റികൾ രൂപീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുമ്പോൾ സർക്കാർ / സ്ഥാപനം നിശ്ചയിക്കുന്ന വ്യവസ്ഥകൾ എല്ലാം പദ്ധതി നിർവ്വഹണ വേളയിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് കമ്മിറ്റി പരിശോധിക്കേണ്ടതാണ്.

15. ഭരണാനുമതി പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ ഫണ്ടുകൾ കർശനമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നിരീക്ഷണ സംവിധാനങ്ങളാണ് ധനകാര്യ / കൃഷി/ വ്യവസായ വകുപ്പുകളിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ ?

നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ നൽകുന്നതു അവരുടെ Drawing and Disbursement Officer (DDO) ആയ Director of Industries & Commerce (DI&C) മുഖാന്തരമാണ്. ചിലവാക്കിയ ഫണ്ടിന്റെ ഇനംതിരിച്ചുള്ള വിനയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. കമ്പനി തലത്തിൽ ടെക്നിക്കൽ /

മോണിറ്ററിങ് കമ്മറ്റികൾ രൂപീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. BPT യുടെ പ്രവർത്തന അവലോകനത്തിലും കമ്പിനി വിസിറ്റിലും പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ വ്യവസായ വകുപ്പിൽ നൽകിവരുന്നു. കൂടാതെ സെക്രട്ടറി തലത്തിലും കൃത്യമായ ഇടവേളകളിൽ മന്ത്രി തലത്തിലും ഓരോ സ്ഥാപനവുമായി ബന്ധപ്പെട്ട അവലോകന യോഗത്തിൽ പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്.

16. പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ബി.പി.റ്റി (പഴയ റിയാബ്) അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; പദ്ധതികളുടെ സാങ്കേതികവും വാണിജ്യപരവുമായ സാധ്യതകൾ വിലയിരുത്തി ശിപാർശകൾ നൽകുന്നതിന് ബി.പി.റ്റി.ക്ക് കഴിയുന്നുണ്ടോ;

പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (Sick Units) നിലവിലെ ലാഭകരമല്ലാത്ത പ്രവർത്തനങ്ങൾ മൂലം Sick യൂണിറ്റ് ആകുവാൻ സാധ്യതയുള്ള (incipient sick unit) സ്ഥാപനങ്ങളെയുമാണ് പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ നിലവിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ മെഷിനറികളുടെ സമയബന്ധിതമായ അറ്റകുറ്റപ്പണികളുടെയും നൂതനസാങ്കേതികവിദ്യയുടെ അഭാവം, വിപണി ആവശ്യപ്പെടുന്ന ഉത്പന്നങ്ങളുടെ അഭാവം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ആവശ്യകത, നിലവിലെ വിപണ സംവിധാനത്തിന്റെ പോരായ്മ എന്നിവ വിലയിരുത്തി സ്ഥാപനങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്ന പദ്ധതികളുടെ സാങ്കേതികപരവും വാണിജ്യപരവുമായ സാധ്യതകൾ പരിശോധിച്ച് പ്ലാനിങ് ബോർഡ്, വ്യവസായ വകുപ്പ് എന്നിവരുമായി വിവിധ ഘട്ടങ്ങളിൽ ചർച്ച നടത്തിയാണ് പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തുന്നത്. ബി.പി.ടി യുടെ നിലവിലെ സംവിധാനം ഉപയോഗപ്പെടുത്തി പദ്ധതികളുടെ സാങ്കേതികപരവും വാണിജ്യപരവുമായ സാധ്യതകൾ പരിശോധിച്ചാണ് ശുപാർശകൾ ബി. പി. ടി നൽകുന്നത്.

17. ബി.പി.റ്റി. യുടെ ശിപാർശകൾ പ്രകാരം ഭരണാനുമതി നൽകുന്ന വാണിജ്യ വ്യവസായ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ ഘടന വിശദമാക്കാമോ; അതിൽ ടെക്നിക്കൽ, ഫിനാൻഷ്യൽ എക്സ്പേർട്ട്സ് ഉണ്ടോ ?

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർമാൻ. ഇൻഡസ്ട്രീസ് ഡയറക്ടർ, പ്ലാനിംഗ് ബോർഡിന്റെയും ധനകാര്യ വകുപ്പിന്റെയും പ്രതിനിധികൾ അംഗങ്ങളുമാണ്.

18. പ്രോജക്ടിന്റെ DPR തയ്യാറാക്കുന്നത് കൺസൾട്ടിംഗ് ഏജൻസിയാണെങ്കിൽ പ്രസ്തുത DPR ന് അംഗീകാരം നൽകുന്നതിന് തക്ക പരിജ്ഞാനമുള്ളവർ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുക ?

വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ ബോർഡുകളിൽ വിവിധ വിഷയ വിദഗ്ധരായ പ്രൊഫഷണലുകളെ നിയമിച്ചു വരുന്നു. ഇതിനകം 28 പ്രൊഫഷണലുകൾ വിവിധ സ്ഥാപനങ്ങളിൽ ഡയറക്ടർ ബോർഡ് അംഗങ്ങളായി നിയമിച്ചിട്ടുള്ളതാണ്.

കേരള ഇന്റസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് (കെ.ഐ.ഐ.ഡി) ആക്ട് പ്രകാരം നിലവിൽ വന്ന കേരള സർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കിൻഫ്ര. കിൻഫ്ര ആക്ട് പ്രകാരം കിൻഫ്ര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, Gok ചെയർമാനും, കൂടാതെ Secretary to Governement Industries Department, Secretary Finance Department, Chairman KSEB, Director DIC, MD-KSIDC MD-KFC, Labour Commissioner, Chief Town Planner, Chairman Pollution Control Board തുടങ്ങിയ ഉദോഗസ്ഥരുമാണ് ബോർഡിലെ മറ്റംഗങ്ങൾ . മേൽ ഉദ്യോഗസ്ഥരുടെ ടെക്നിക്കൽ നോൺ- ടെക്നിക്കൽ പരിജ്ഞാനം കിൻഫ്രയുടെ പ്രവർത്തനങ്ങളുടെ കൃത്യമായ മോണിട്ടറിങ്ങിനും മുന്നോട്ടുള്ള ഏകോപനങ്ങൾക്കും ഉപകരിക്കുന്നു. ഇത് കൂടാതെ ഓരോ DPR ഉം പരിശോധിക്കുന്നതിനായി ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റികളും കിൻഫ്രയിലുണ്ട്.

19. ഡി.പി.ആർ സമർപ്പിക്കാതെയും ഭരണാനുമതി ലഭിക്കാതെയും പദ്ധതികൾ ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് എന്തൊക്കെ നിരീക്ഷണ സംവിധാനങ്ങളാണ് നിലവിലുള്ളത് ?

D P R പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതികളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്.

20. പൊതുമേഖലാ സ്ഥാപനങ്ങൾ ടെണ്ടർ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത് ?

നിലവിൽ 5 ലക്ഷത്തിനു മുകളിലുള്ള എല്ലാ പർച്ചെയ്സുകളും ഇ-ടെൻഡർ മുഖാന്തരമാണ്. ടെൻഡറിലെ Pre-Qualification Criteria, CVC guidelines പ്രകാരമാണ്. കമ്പിനിയുടെ Internal/Statutory/ C&AG ഓഡിറ്റുകളിൽ ടെൻഡർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് പരിശോധിക്കാറുണ്ട്.

21. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി, മത്സരക്ഷമമാക്കി ലാഭത്തിലെത്തിക്കുകയാണ് സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി ഓരോ

സ്ഥാപനങ്ങളുടെയും അതത് സാമ്പത്തിക വർഷത്തെ ലക്ഷ്യങ്ങളും പ്രവർത്തന മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന "MoU & Business Plan" സർക്കാർ / ബി.പി.ടി യുമായി ഒപ്പിട്ട് അതിനെ അടിസ്ഥാനമാക്കിയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പ്രസ്തുത MoU & Business Plan ആധാരമാക്കിയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനനിരീക്ഷണം BPT മുഖേന ഉറപ്പുവരുത്തുന്നതിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 24 പൊതുമേഖല സ്ഥാപനങ്ങൾ പ്രവർത്തന ലാഭത്തിലാക്കുവാൻ സാധിച്ചു. ഈ സാമ്പത്തികവർഷം കൂടുതൽ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്.

22. പൊതുമേഖലാ സ്ഥാപനങ്ങളുടെ റവന്യൂ വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ മാർക്കറ്റിംഗ്, സെയിൽസ് സ്ട്രാറ്റജി, അതോടൊപ്പം വ്യയനിയന്ത്രണം എന്നിവയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

മത്സരക്ഷമതയ്ക്ക് ആവശ്യമായ ഫലപ്രദമായ വിപണന സംവിധാനത്തിന്റെയും, വിപണന തന്ത്രത്തിന്റെയും അഭാവം പല പൊതുമേഖലാ സ്ഥാപനങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഉയർന്ന ഉല്പാദന ചിലവാണ് പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും വിപണനത്തെ പ്രതികൂലമായി ബാധിക്കുന്നത്. ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും, അസംസ്കൃത വസ്തുക്കളുടെ പരമാവധി പ്രയോജനപ്പെടുത്തൽ ഉറപ്പുവരുത്തി (Optimum utilisation) ഉൽപാദന ചെലവ് കുറയ്ക്കുന്ന നടപടികൾ ഇതിനകം തന്നെ സ്ഥാപനങ്ങൾ സ്വീകരിച്ച് വരുന്നു. ഇതോടൊപ്പം തന്നെ നൂതന വിപണന സംവിധാനവും വിപണന തന്ത്രവും സംയോജിപ്പിച്ച് ആവശ്യമായ പരസ്യങ്ങൾ നൽകി വിപണനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് B to B മീറ്റിംഗുകൾ സംഘടിപ്പിച്ചും പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണനത്തെ സഹായിക്കുന്നതിനായി മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുമായി തിരഞ്ഞെടുക്കപ്പെട്ട ഉൽപ്പന്നങ്ങൾക്ക് "Rate Contract" സംവിധാനം ഏർപ്പെടുത്തൽ, സ്ഥാപനങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി k-shoppe പോലുള്ള ഓൺലൈൻ വിപണന പോർട്ടൽ സംവിധാനങ്ങളുടെ ഒരുക്കൽ എന്നിവയിലൂടെ സ്ഥാപനങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കൂടാതെ വ്യയ നിയന്ത്രണത്തിന്റെ ഭാഗമായി ഓരോ ഉൽപന്നത്തിന്റെയും Cost Sheet തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഉത്പാദനച്ചെലവ് നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് ഇതോടൊപ്പം തന്നെ "ഇന്റേണൽ ആഡിറ്റ്" സമയബന്ധിതമായി പൂർത്തീകരിച്ച് ആഡിറ്റ് കണ്ടെത്തലുകളും ശുപാർശകളും നടപ്പിലാക്കി വരുന്നുണ്ട്. ആഡിറ്റ് കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാസ സ്ഥാപനങ്ങളുടെ ആഡിറ്റ് up to date ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നു.

23. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവയെ സ്വയംപര്യാപ്തമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും അതത് സാമ്പത്തിക വർഷത്തെ ലക്ഷ്യങ്ങളും പ്രവർത്തന മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന "MoU & Business Plan" സർക്കാർ / ബി.പി.ടി യുമായി ഒപ്പിട്ട് അതിനെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത MoU & Business Plan ആധാരമാക്കിയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനനിരീക്ഷണം BPT മുഖേന ഉറപ്പുവരുത്തി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ ബോർഡുകളിൽ വിഷയ വിദഗ്ധരായ പ്രൊഫഷണലുകളെ നിയമിച്ചു വരുന്നു. ഇതിനകം തന്നെ 28 പ്രൊഫഷണലുകളെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ERP സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി വിപണി വർദ്ധിപ്പിക്കുന്നതിനായി K-shoppy പോലെയുള്ള e- marketting പ്ലാറ്റ്ഫോം തുടങ്ങുകയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുമായി "Rate Contact" സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

24. പൊതുമേഖലാ സ്ഥപാനങ്ങളിലെ നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത് ?

പല പൊതുമേഖലാസ്ഥാപനങ്ങളും തങ്ങളുടെ പേരിലുള്ള ഭൂമി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ ആയ HPCL/HOCL/Indian Oil Corporation എന്നിവയുമായി സഹകരിച്ച് Petroleum Outlet സ്ഥാപിക്കുന്ന നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. ഇതോടൊപ്പം തന്നെ നിലവിൽ ലഭ്യമാകുന്ന അധിക ഭൂമിയിൽ മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് പുതിയ Joint Venture (JV) സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

District Industrial Site Selection Committee (DSSC) ആദ്യഘട്ടത്തിൽ അനുയോജ്യമെന്ന് കണ്ടെത്തിയ 9 പൊതുമേഖലാ സ്ഥാപനങ്ങളുടെ 40 ഏക്കറോളം ഭൂമി വ്യവസായ വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ച് വരുന്നു. അധിക ഭൂമി Central Ware housing Corporation ന് ഗോഡൗൺ സൗകര്യത്തിനായി പാട്ടത്തിനു നൽകുന്നതിന്റെ ഭാഗമായി ഓട്ടോകാസ്റ്റ് 10 ഏക്കർ ഭൂമി നൽകുന്ന നടപടി അവസാനഘട്ടത്തിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിൽ ഉപയോഗിക്കാത്ത കെട്ടിട ഭാഗങ്ങൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് "Incubation Centre" സ്ഥാപിക്കുന്ന പദ്ധതി KCCP Ltd നടപ്പാക്കിയിട്ടുണ്ട്. KEL-EML ന്റെ

ഉപയോഗിക്കാത്ത കെട്ടിട ഭാഗങ്ങൾ ഇത്തരത്തിൽ Start-up-Mission-മായി സഹകരിച്ച് ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്.

25. പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്യുമിലേറ്റഡ് ലോസ് കുറയ്ക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ/ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഓരോ സാമ്പത്തിക വർഷവും പൊതുമേഖലാസ്ഥാപനങ്ങൾ വരുത്തുന്ന നഷ്ടങ്ങളുടെ ആകെ തുകയാണ് "സഞ്ചിത നഷ്ടം" . പിന്നീടുള്ള വർഷങ്ങളിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി ലാഭമുണ്ടാക്കി "സഞ്ചിത നഷ്ടം" കുറയ്ക്കുകയാണ്കമ്പനിയുടെ തുടർ പ്രവർത്തനം വഴി സാധിക്കുന്നത്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം "Equity" ആയി കൺവെർട്ട് ചെയ്യുന്ന നടപടി സ്വീകരിക്കുന്നുണ്ട്. ദീർഘനാളായി ജീവനക്കാർക്ക് നൽകാനുള്ള നിയമപരമായ ബാദ്ധ്യതകൾ തീർപ്പാക്കുന്നതിന് പ്രത്യേക ഫണ്ട് ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് തുടർ നടപടി സ്വീകരിച്ചു വരുന്നു.

26. പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർ തസ്തിക ഒഴിച്ചിടുന്നതും അധികച്ചുമതല നൽകുന്നതും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത കുറയ്ക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

27. പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുമ്പോൾ അതത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ളവരെ നിയമിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ ?

26&27 ഉണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിൽ സ്ഥിരമായ മാനേജിംഗ് ഡയറക്ടർമാരുടെ അഭാവം സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ട്. നിലവിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ, കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) മുഖേന മാത്രമാണ് മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നത്. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുമ്പോൾ പാലിക്കുന്ന യോഗ്യതകളും പ്രവൃത്തി പരിശീലനവുമാണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളിലും അവലംബിക്കുന്നത്. വ്യവസായ വകുപ്പിന് കീഴിലുള്ള മിക്ക പൊതുമേഖലാ സ്ഥാപനത്തിലും റിക്രൂട്ട്മെന്റ് ബോർഡ് വഴി മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

Vijeela

എം. എ. റജീന ബീഗം
അഡീഷണൽ സെക്രട്ടറി
വ്യവസായ വകുപ്പ്
ഗവ സെക്രട്ടേറിയറ്റ്

-39- -40-

Annexure-II

Details of fund released to PSUs for implementing various projects during 2021-22 to 2024-2025 (Annexure)								
Sl. No.	**Name of the Company**	**Project Name**	**Fund release (Rs.in Cr)**					**Current Status**
			2021-22	**2022-23**	**2023-24**	**2024-25**	**Total**	
1	Travancore Titanium Products Ltd	Manufacturing of Value added products from TiO2 (Project Cost -Rs.52.61 Cr) Manufacturing of Plaster of paris from Gypsum (Rs.54.78 Cr), Manufacturing of Iron Oxide pigments from Industrial Effluent (Rs.130.61 Cr) PNG conversion and Water Treatment Plant.	-	5.00	-	5.00	10.00	Rs. 5 Cr Received for three pollution abatement projects.Basic engineering completed for three projects. Iniated the work for Detailed engineering for Titanium dioxide Value Added products. Due to financial crisis, the projects for Manufacturing of Iron Oxide pigments from Industrial Effluent and Manufacturing of plaster of paris from Gypsum kept hold. Work order issued for PNG conversion project the work is progressing
2	Kerala State Drugs & Pharmaceuticals Ltd	LVP/SVP Ophthalmic Project (Rs.58.87 Crores) . Oncology Park (Rs.254 Cr)	12.00	0.00	3.50	4.98	20.48	Orginal AS accorded during 2018-19. Total project cost is Rs.58.87 crores of which Rs.50.07 crores has been received so far and 90% of the project has completed. Preliminary work for

								oncology park completed and waiting for the financial santion of KIIFB
3	Kerala State Electronics Development Corporation Ltd	Augmentation of production and testing facilities at Special Products Group, Setting up of exclusive AI & IoT applied research Lab, Manufacture of Minin Shravan Hearing Aid, manufacture of Baby Warmer and Baby Bassinet, Development of Critical Care Ventilators (Rs.4.63 Crores) (AS accorded during 2021-22) Upgradation of existing segments for execution of Upcoming segments in Special Prodcuts Group, Modernisation of Power Electronics group, Manufacturing of Vehicle FitnessTesting Equipment at Traffic Signal Divsion, Enhancement of Strategic, Systems Group, Transfer of Technology fees (Rs.8.80 Crores) (AS accorded during 22-23)	4.00	5.00	4.00	4.65	17.65	The projects inititated in Keltron Equipment Complex, Keltron Lighting Division, ITBG and Keltron Equipment Complex, Keltron Controls. Completed Purchase & Commisioning of AI & IoT Applied Research Lab. Purchased equipments for the upgradation of existing segments for execution of upcoming segments in Special Products Group

4	Keltron Component Complex Ltd	Completion of Expansion and modernisation of capacitor Production facility, modernisation of existing capacitor unit (Rs.10 Cr), Super Capacitor Production (Rs.18 Cr)	10.22	6.50	0.50	1.96	19.18	85% of Expansion and modernisation of capacitor Production facility has completed. 1st phase of Super capacitor production facility has completed and facility under Incubation Period.
5	Steel and Industrial Forgings Ltd	Expansion of Shornur Machining Unit (Rs.5 Cr) Modernisation (Installation of 6 T Open Die Forging Hammer (Rs.17.82 Cr)	10.62	2.90	2.05	2.50	18.07	Modernisation project completed and Machineries for expansion of Machining unit installed.
6	Steel Industries Kerala Ltd	Installation of Machines in SILK General Engineering Works, Thuravoor (Rs. 129.29 lakhs Installation of Machineries in SILK Foundry Unit, Ottapalam (Rs. 570.71 lakhs) Modernisation of Steel Fabrication Unit at Cherthala and Dry Docking Slipway at Azhikkal (Rs.4.50 Cr)	6.25	0.00	0.13	0.76	7.14	Installation of Machines in GEW completed and 92% completed in Foundary unit. Modernisation of Steel Fabrication Unit completed and inagurated during Nov 2021. Construction of Dry Docking Slipway at Azhikkal completed and ready for inaguration
7	Autokast Ltd	Installation of 2MwP Solar Power Plant(Rs.10.33 Cr) Modernisation (Phased Project), Brick Manufacturing unit	5.56	2.50	1.73	2.01	11.80	Installation of solar power plant completed and waiting For Grid Connectivity approval From KSEBL. 42% of

								mdernsation project completed
8	The Metal Industries Ltd	Open Die Aluminium Forging facility (Rs.3 crores), Setting up of Regional depots/Show rooms),	1.50	0.02	0.00	0.00	1.52	AS accorded during 2020-21 for the project for 3 Ton hammer at a cost of Rs.4.92 Cr and 50% of the project completed.Due to increase in price of 3 Ton hammer, the project has revised and the revised DPR submitted for according AS. Showroom started functioning
9	Kerala Automobiles Limited	Expansion and modernization facilities for manufacturing E-Auto, E-Rikshaw and E-Scooters (Rs.11.50 Cr) Development of e-vehicles	4.84	2.50	3.73	0.12	11.19	60% completed. E-Auto & Goods Carriage Version of E Rickshaw projects have been completed and both the products are commercially launched. E Scooter Project is in progress as Joint Venture with Lords Mark Industries Private Limited. JV Company formation activites are going on in the Registrar of Companies.
10	KCCP Ltd	Integrated Coconut & Fruit Processing Complex, Expansion of PPE Products Manufacturing Unit	2.25	1.00	1.00	0.90	5.15	Integrated Coconut & Fruit Processing project has completed and started functioning. PPE Products

		(Antiseptci solution, Ethano Rub etc)						Manufacturing Unit - Ready for inauguration
11	The Kerala Ceramics Ltd	Modernisation (Phase -1, Rs.23 Cr) Capacity expansion Project (Production Capacity Stabilisation) (Rs.7 Crores)	4.50	1.90	1.50	0.08	7.98	1st Phase modernisation project including acquisition of mining land, conversion of fuel to LNG, modernisation of existing plant& machinery completed. 75% of the capacity expansion (increasing capacity to 1500 MT per month) has completed
12	Kerala Electricals and allied engineering Company Ltd	Modernisation and Expansion of Kundara and Mamala unit (Rs.18 Cr) Manufacture of Electric motors for e-vehicles in Kundra unit(Rs.10 Cr)	5.50	4.20	0.03	3.32	13.05	Modernisation of Kundara & Mamala units was initiated during 2017-18 and full amount received.Modernisation of Mamala unit completed 80% only was completed at Kundara unit. The delay was due to non completion of shed proposed for EV project. Total amount receved for EV project and only 54% completed.
13	Kerala State Textile Corporatio	Modernisation projects- Prabhuram Mills, Komalapuram Spinning &b Weaving Mills, Edarikkode	8.23	4.12	2.00	15.47	29.82	50% of modernisation in units completed

	n Ltd	Textiles, Malabar Spinning & Weaving Mills, Hitech Weaving Mills, Uduma Textiles, CARDT, Kottayam Textiles						
14	Sitaram Textiles Ltd	Modernisation-Installation of two New Ring Frames (Rs2.50 Cr)	1.61	0.43	0.00	0.00	2.04	One machinery purchased and production started, Advance given for second machinery.
15	Trivandrum Spinning Mills	Modernization and expansion of plant and machinery (OE machine) (Rs.7.50 Cr)	0.34	0.98	0.47	0.48	2.27	70% of the project completed
16	Forest Industries (Travancore) Ltd	Procurement of Band Saw & high end CNC machine, Modernisation Project, Showroom modernisation & design studio (Rs.2.69 Cr)	0.60	0.50	0.00	0.00	1.10	Procurement of Band Saw completed. Modernisation project including procurement of various machines delayed due to non receopit of fund
17	Handicrafts Development Corporation (Kerala) Ltd	Karakausala Sauhrida Padhathi for Handicrafts Development in Kerala, New Product Development, Office Automation, CFC strengthening	1.75	0.45	1.63	1.40	5.23	Karakausala Sauhrida Padhathi completed. New Product development, Office automation, CFC strengthening 50% completed.
18	Kerala Small Industries	Renovation of Industrial Estates (Rs.9.61 Cr), Modernisation of 8	4.92	2.00	3.83	3.15	13.90	Renovation of Industrial estates completed, 90% of Modernisation of Tool

	Development Corporation (SIDCO)	Production Units (Rs.9.95 Cr), Industrial estates. Modernisation of Tool Room cum training centre, Olavanna (Rs.9.82 Cr)						Room cum training centre completed and modernisation of production units being progressing
19	Kerala State Industrial Enterprises Ltd.	Modernisation of Cochin International Container Station, Kalamassery, Setting up of Plant and Machinery for manufacturing liquid hand wash soaps at Kerala Soap Factory, Vellayil	0.61	1.00	0.30	0.01	1.92	Modernisation of Cochin International Container Station completed. Regarding Setting up of Plant and Machinery for manufacturing liquid hand wash soaps, installed automatic liquid soap filling machine, Automatic Sample soap stamping machine, Flow wrapping machine.
20	Travancore Cements Ltd	Pole Casting Unit (Rs.10 Cr), Revival of Old grey cement (Rs.4 cr), Modernisationn of Wall Putty Unit, Data Logging / instrumentation of Production Line with new packing unit (Rs.4.88 Cr)	1.50	0.00	0.00	0.00	1.50	Amount received utilised for remittance of PF dues and as working capital as per GO 783/2022/ID dtd 27/07/2022. Fund not received for other projects
21	Keltron Electro Ceramics Ltd	Development & Production of Vibration Isolator for Industrial Application, Setting up of production facility for small capacity ups	0.50	0.25	0.00	0.00	0.75	Project Completed

22	Traco Cable Company Ltd	CCV line (Dry cure technology) for the manufacture of UG and AB cables of voltage range 11/33/66 at thiruvalla unit, House Wiring cable unit at Irumbanam	5.00	1.50	0.00	0.75	7.25	Due to non viability, the project has cancelled and due to financial constrain the fund was utilised for working capital, with information to Govt.
23	Transformers and Electricals Kerala ltd	Setting up of Vapour Phase Drying System Plants (Rs.11 Cr), Crane Upgradation and Modernisation activities	2.50	0.00	0.00	0.00	2.50	Project not yet started due to non availability of suitable vendor
24	United Electrical Industries Ltd	Polymer Insulator, Manufacturing & upgradationof Motor starter, Assembling of Lithium-Iron battery, Manufacturing of BLDC Fan and EV charging station	1.00	1.50	0.00	0.00	2.50	Polymer Insulator unit project completed. AS accorded for manufacturing of BLDC fan and Lithium Iron battery project
25	KELPALM	Upgradation & Modernisation of Plant & Machinery (Rs.0.65 Cr)	-	-	0.25	0.40	0.65	Project completed and production started
26	KEL-EML	Revival and modernisation of the Company	20.00	6.20	2.00	0.00	28.20	Modernisation of the workshop building and the restoration of machinery being progressing. Fund released during 2021-22 utilised towards repairs & Maintenance of machinery

								for re-opening after taken over from BHEL-EML
27	Kerala Paper Products Ltd	Modernisation and Technology upgradation, Effluent Treatment plant, IT Infrastructure, Power boilers, Chemicals pulping plant.	-	50.00	25.00	31.00	106.00	Fund released as per NCLT approved resolution plan and amount has been utilised for reopening of the unit and for continuing operation

Annexure II

Annexure - II

Kinfra

Sl No	Particulars	Status
1	Mega Food Park	Completed
2	Integrated Rice Technology Park- Alappuzha	Civil work 46% Completed.
3	Spices Park development	Phase I Completed. Phase II in progress
4	LAR case settlement- Ramanattukkara, Kozhikkode	Application has been submitted to the Government for the release of fund, towards the settlement of remaining LAR and 28 A cases.
5	SDF KFVP Phase I	Completed
6	Kochi - Bangalore Hi tech Industrial corridor (KBIC)	80% land acquisition completed. Project approved by GOI
7	Kasaragod Land Acquisition	Completed
8	45 MLD Water supply and road works KEPIP	Package I in progress, Package II &III Partially stopped due to Public objection.
9	Business promotion and marketing initiatives of KINFRA	Completed
10	Comprehensive waste management for KINFRA Parks - ETP, STP	Completed
11	Construction of SDF phase II- KFVP	65% of work completed
12	Construction of 110 KV substation in KINFRA Industrial Park, Mattannur	Completed
13	Development of International Exhibition & convention centre (IECC), Kakkanad	Completed
14	Development of Petrochemical Park, Ambalamughal, Kochi	60% completed. Land allotment started. Balance work in progress.
15	Hi tech park, Kochi - Road connectivity to Sea port Airport road	Phase I Completed
16	Upgradation infrastructure -Kakkanad	Nearing Completion
17	Upgradation infrastructure -Kalamassery	Work completed on 25.3.2025

18	Upgradation infrastructure -Kasaragod	Phase 1- 90 % work completed . Phase II- awaiting for fund
19	Upgradation infrastructure -KFVP	• Road resurfacing, security cabin, landscaping and other allied works SEZ and Non-SEZ Completed • Repair of Paver Block - Completed
20	Upgradation infrastructure -KIAP (Working women's hostel)	Completed
21	Upgradation infrastructure -KIITP Palakkad	Nearing completion
22	Upgradation infrastructure -KTIP	Work stopped due to rain
23	Upgradation infrastructure -Kuttipuram	Phase 1 completed, Phase II progressing
24	Upgradation infrastructure -Ottapalam	Completed
25	Upgradation infrastructure -Ramanattukara	TS to be issued by WAPCOS .
26	Upgradation infrastructure road work -Kasaragod	Work tendered
27	Upgradation infrastructure road work & water supply -Adoor	Awaiting concurrence from Finance Dept for award of work
28	Upgradation infrastructure -Thalassery	Completed
29	Upgradation MSME- Adoor	Work Order issued and agreement under execution.
30	Upgradation MSME- KTC	28% of work completed
31	Upgradation MSME- Kunnamthanam	Work Order issued and agreement under execution.
32	Upgradation MSME- KIAP	Work progressing
33	Upgradation of water supply & Others -Kunnamthanam	Completed
34	Upgradation power infrastructure, KTC kannur	Completed
35	Water treatment Plant at Integrated Industrial Textile Park, Palakkad	Revised AS received. Package I completed. Package II to entrusted to KWA for implementation.

KSIDC യുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

2021-25 കാലയളവിൽ സംസ്ഥാന ഫണ്ട് വിവിധ പ്രൊജെക്ടുകൾക്കായി വിനിയോഗിച്ചതിൻറെ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

2021-2022 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

ക്രമ നമ്പർ	പ്രൊജക്ടുകൾ	ബജറ്റ് വിഹിതം (ലക്ഷം രൂപ)	ചെലവ് (ലക്ഷം രൂപ)	ഉപയോഗം (%)
1	ഇൻവെസ്റ്റ്മെൻറ് ഫെസിലിറ്റേഷൻ നിക്ഷേപ പ്രോത്സാഹനം	950	942.75	99.24
2	ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം	750	336.34	44.85
3	വനിതാ സംരംഭകത്വ മിഷൻ	100	0.04	0.04
4	മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി	300	20.79	6.93
5	Covid 19 Samashwasa Package	500	352.38	70.48
	Total (Revenue Head)	***2600***	***1652.30***	***63.55***
6	ലൈഫ് സയൻസ് പാർക്ക്	2400	1155.80	48.16
7	മെഡിക്കൽ ഉപകരണ പാർക്ക്	2400	967.05	40.29
8	ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡ്സ് പാർക്ക്	1120	748.26	66.81
9	ഐജിസി	800	0.00	0.00
10	Business Incubation Centre	380	12.08	3.18
11	Rubber based value added products, Kannur	500	0.00	0.00
12	Kerala Rubber Ltd. (CIAL model, Rubber Company)	450	450.55	100.12
13	KSIDC Business park, Angamaly	250	0.00	0.00
	Total (Capital Head)	***8300***	***3333.74***	***40.17***
	Grand Total	**10900**	**4986.04**	**45.74**

2022-2023 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

ക്രമ നമ്പർ	പ്രൊജെക്ടുകൾ	ബജറ്റ് വിഹിതം (ലക്ഷം രൂപ)	ചെലവ് (ലക്ഷം രൂപ)	ഉപയോഗം (%)
1	ഇൻവെസ്റ്റ്മെൻറ് ഫെസിലിറ്റേഷൻ നിക്ഷേപ പ്രോത്സാഹനം	1400	1249.35	89.24
2	ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം	550	351.64	63.93
3	വനിതാ സംരംഭകത്വ മിഷൻ	400	300.65	75.16
4	മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി	600	59.65	9.94
5	Covid Samashwasa Padhathi	600	550.99	91.83
	Total (Revenue Head)	***3550.00***	***2512.28***	***70.77***
6	ലൈഫ് സയൻസ് പാർക്ക്	2500	721.19	28.85

7	മെഡിക്കൽ ഉപകരണ പാർക്ക്	2500	894.31	35.77
8	Coconut Industrial Park, Kuttyadi	250	14.97	5.99
9	KSIDC Industrial Space, Kasargod	131	30.66	23.40
10	Business Incubation Centre, Kakkanad	50	0.00	0.00
11	Co-working Space/Trade Centre in Calicut	250	0.00	0.00
12	ഐജിസി ചേർത്തല	150	2.58	1.72
13	ഐജിസി കണ്ണൂർ	200	134.00	67.00
14	ഐജിസി കോഴിക്കോട്	719	667.70	92.87
15	Kerala Rubber Ltd.	1000	1000.00	100.00
Total (Capital Head)		***7750***	***3465.41***	***44.71***
Grand Total		**11300**	**5977.69**	**52.90**

2023-2024 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

ക്രമ നമ്പർ	പ്രൊജെക്ടുകൾ	ബജറ്റ് വിഹിതം (ലക്ഷം രൂപ)	ചെലവ് (ലക്ഷം രൂപ)	ഉപയോഗം (%)
A				
1	Sustainable Industry Incentive scheme	2800	16.93	0.60
2	നിക്ഷേപ പ്രോത്സാഹനം	1000	995.77	99.58
3	ഇൻവെസ്റ്റ്മെൻറ് ഫെസിലിറ്റേഷൻ	600	537.09	89.52
4	മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി	200	199.99	100.00
5	Covid Samaswasa Padhathi	500	495.80	99.16
6	ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം	600	469.42	78.24
7	വനിതാ സംരംഭകത്വ മിഷൻ	250	232.20	92.88
Total (A)		**5950**	**2947.20**	**49.53**
B				
8	ലൈഫ് സയൻസ് പാർക്ക്	2000	1049.19	52.46
9	മെഡിക്കൽ ഉപകരണ പാർക്ക്	3175	1369.62	43.12
10	Industrial Park Kuttiyadi			
11	KSIDC Investment Zone, Palakkad			
12	KSIDC Industrial Space, Kasargod			
13	Incubation Centre cum office Complex, Kakkanad	1125	866.63	77.03
14	ഐജിസി ചേർത്തല			
15	ഐജിസി കണ്ണൂർ			
16	ഐജിസി കോഴിക്കോട്			
17	Co-working Space/Trade Centre, Calicut			
Total (B)		**6300**	**3285.44**	**52.15**
Total (A+B)		**12250**	**6232.64**	**50.88**

2024-2025 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

ക്രമ നമ്പർ	പ്രൊജെക്ടുകൾ	ബജറ്റ് വിഹിതം (ലക്ഷം രൂപ)	ചെലവ് (ലക്ഷം രൂപ)	ഉപയോഗം (%)
A	**Revenue**			
1	Sustainable Industry Incentive scheme	2000.00	29.68	1.48
2	നിക്ഷേപ പ്രോത്സാഹനം	2200.00	4576.46	208.02
3	ഇൻവെസ്റ്റ്മെൻറ് ഫെസിലിറ്റേഷൻ	600.00	592.67	98.78
4	മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി	900.00	894.95	99.44
5	Covid Samaswasa Padhathi	400.00	424.40	106.10
6	ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം	600.00	286.56	47.76
7	വനിതാ സംരംഭകത്വ മിഷൻ	250.00	125.00	50.00
A	**Total**	**6950.00**	**6929.72**	**99.71**
II	**Capital**			
8	ലൈഫ് സയൻസ് പാർക്ക്	1500.00	993.76	66.25
9	മെഡിക്കൽ ഉപകരണ പാർക്ക്	2000.00	725.61	36.28
10	Industrial Park Kuttiyadi	1400.00	103.02	7.36
11	KSIDC Investment Zone, Palakkad			
12	KSIDC Industrial Space, Kasargod			
13	Mega Food Park			
14	Incubation Centre cum office Complex, Kakkanad	900.00	174.35	19.37
15	ഐജിസി ചേർത്തല			
16	ഐജിസി കണ്ണൂർ			
17	ഐജിസി കോഴിക്കോട്			
B	**Total**	**5800.00**	**1996.73**	**34.43**
A+B	**Total**	**12750.00**	**8926.45**	**70.01**

ധനകാര്യ വകുപ്പ്

-54-

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.3228384/പി.യു-ബി3/68/2025-ധന

ധനകാര്യ (പി.യു-ബി) വകുപ്പ്

11-12-2025,

തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

സെക്രട്ടറി
കേരള നിയമസഭാ സെക്രട്ടറിയേറ്റ്
തിരുവനന്തപുരം - 695 033

സർ,

വിഷയം:- ധനകാര്യ വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26) - കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച് സ്വതന്ത്രപഠനം - ചോദ്യാവലിയ്ക്ക് മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന:- 11.07.2025, 20.11.2025 തീയതിയിലെ KLS/3290/2025-PUC A3 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26) കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച് സ്വതന്ത്രപഠനം നടത്തുന്നതിന്റെ ഭാഗമായി വിവരങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ചോദ്യാവലിയ്ക്കുള്ള മറുപടി തുടർ നടപടികൾക്കായി ഇതോടൊപ്പം നല്കുന്നു.

ക്രമ നം.	ചോദ്യാവലി	മറുപടി
	ചോദ്യാവലി 1	
1	11.07.2025 തീയതിയിലെ KLS/3290/2025-PUC നമ്പർ കത്ത്.	ചോദ്യം നം 15 ഒഴികെ 1 മുതൽ 27 വരെയുള്ള ചോദ്യങ്ങൾ ധനവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ടി ചോദ്യങ്ങൾക്കുള്ള മറുപടി പ്ലാനിംഗ് (ബി.പി.ഇ) വകുപ്പിൽ

		നിന്ന് ലഭ്യമാക്കേണ്ടതാണ്.
	ചോദ്യം നം 15: ഭരണാനുമതി പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ ഫണ്ടുകൾ കർശനമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നിരീക്ഷണ സംവിധാനങ്ങളാണ് ധനകാര്യ വകുപ്പിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ ?	ചോദ്യം നമ്പർ 15 - മുൻപ് അനുവദിച്ച ഫണ്ടിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്കു മാത്രമേ ബാക്കി ഫണ്ട്/ ഇൻസ്റ്റാൾമെന്റുകൾ അനുവദിക്കുകയുള്ളൂ
	ചോദ്യാവലി 2	
1.	വിവിധ പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകളെ സംബന്ധിച്ച നടപടിക്രമം വിശദമാക്കുക ?	പൊതുമേഖലാസ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതു സംബന്ധിച്ച്. ഓരോ വർഷവും നടപ്പിലാക്കുന്ന പദ്ധതികളുടെ (തുടർ പദ്ധതികൾ ഉൾപ്പടെ) വിശദാംശങ്ങൾ സഹിതം സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന പ്രൊപ്പോസൽ ഭരണ വകുപ്പ് പരിശോധിച്ച് അവരുടെ ശിപാർശ സഹിതം ഫയൽ ലഭ്യമാക്കുമ്പോൾ ധനവകുപ്പ് ആയത് പരിശോധിച്ച് ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ട് റിലീസ് അനുവദിക്കുന്നു. അതോടൊപ്പം ആവശ്യകത പരിഗണിച്ച് ബജറ്റ്

		വിഹിതത്തിനു പുറമേ അധികധനാനുമതിയായും ഫണ്ട് അനുവദിച്ചു വരുന്നു.
2.	ആസ്തിമൂല്യത്തെക്കാൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; അത്തരം സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് വിശദമാക്കാമോ?	ആസ്തിമൂല്യത്തെക്കാൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ധനകാര്യ വകുപ്പിൽ ലഭ്യമല്ല. ആയത് പ്ലാനിംഗ് (ബി.പി.ഇ) വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ പുനരുജ്ജീവനമടക്കമുള്ള ആവശ്യങ്ങൾക്ക് വാർഷിക പദ്ധതിയിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് വിഹിതം വകയിരുത്തുന്ന പക്ഷം ടി സ്ഥാപനങ്ങൾ ഭരണ വകുപ്പിന്റെ ശിപാർശ സഹിതം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് തുക അനുവദിക്കുന്നുണ്ട്.
3.	സാധ്യതാ ചോദ്യാവലി പഠനവും പദ്ധതിയുടെ പുരോഗതിയും വിലയിരുത്തിയ ശേഷമാണോ പദ്ധതികൾക്കായി ഫണ്ട് അനുവദിക്കുന്നത്;	പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വിശദാംശങ്ങൾ ഫണ്ട് റിലീസിനു

	വിശദമായ റിപ്പോർട്ട് ലഭ്യമാക്കുക ?	കണക്കിലെടുക്കാറുണ്ട്.
4.	പദ്ധതികളുടെ പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റിയിൽ ധനകാര്യ വകുപ്പ് പ്രതിനിധിയെ നിയമിച്ചിട്ടുണ്ടോ; പദ്ധതി നിരീക്ഷണത്തിൽ ധനകാര്യ വകുപ്പിന്റെ പങ്ക് വിശദമാക്കാമോ ?	ഇല്ല നിലവിൽ നിരീക്ഷണ സംവിധാനമില്ല
5.	മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ധനകാര്യ വകുപ്പ് എന്ത് തിരുത്തൽ നടപടികളാണ് നിർദ്ദേശിക്കുന്നത് ?	പ്ലാനിംഗ് (ബി.പി.ഇ) യുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് ബജറ്റിൽ പ്രത്യേകാവശ്യത്തിനു വകയിരുത്തുന്ന തുകകൾ (lump provision) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും എന്ന രീതിയിൽ റിലീസ് ചെയ്ത് നൽകാറുണ്ട്.
6	പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?	സംസ്ഥാന വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പാണ് പ്രസ്തുതാവശ്യങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കുമുള്ള പദ്ധതി വിഹിതം നിശ്ചയിക്കുന്നത്.

			പുനരുജ്ജീവന സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് വിശദമായി പരിശോധിച്ച് ആവശ്യമായ തുക പ്ലാനിൽ വകയിരുത്തി ബഡ്ജറ്റിൽ പാസാക്കി പരമാവധി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഉൾപ്പടെയുള്ള സമഗ്ര സാമ്പത്തിക പുനഃസംഘടനാ പദ്ധതിക്കായി 275.10 കോടി രൂപ 2025-26 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുക്കുന്നതിനായി ഗ്യാരണ്ടി വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഗ്യാരണ്ടി അനുവദിച്ചു വരുന്നുണ്ട്. മൂലധന സഹായത്തിലൂടെ

		ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെ വ്യവസായ വകുപ്പിന് കീഴിലുള്ള മേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി ഒരു പദ്ധതി ബിപിടി മുഖേന നടപ്പിലാക്കുന്നതിനായി വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വകാല - ദീർഘകാല ലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് രണ്ടുതരത്തിലുള്ള കർമ്മപദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു കൂടാതെ, ഹ്രസ്വകാലയളവിലേക്കായി സിക്ക് യൂണിറ്റുകൾക്കുള്ള course correction നടപടികളും ഇതിൽ ഉൾപ്പെടുന്നു. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിനായി ഒരു സമഗ്ര സാമ്പത്തിക പുനഃരൂപീകരണ പദ്ധതി ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. ഈ പദ്ധതിയിൽ കുറഞ്ഞ നിരക്കിലുള്ളതും ഒഴിവാക്കാനാവാത്തതുമായ വയബിൾ ഗ്യാപ് ഫണ്ടിംഗ് രീതികളും ഉൾപ്പെടേണ്ടതുണ്ട്.

		പ്രസ്തുത ദ്വിമുഖ പുനരുദ്ധാരണ കർമ്മ പദ്ധതി താഴെ പറയുന്ന കാര്യങ്ങൾക്ക് മതിയായ ഊന്നൽ നൽകുന്നതാണ്. 1 . ഉപകരണങ്ങൾ നൽകൽ അത്യന്താപേക്ഷിത നവീകരണം. 2 . പുനർരൂപീകരണ പദ്ധതി പ്രവർത്തനത്തിൽ അനുയോജ്യമായതും മെച്ചപ്പെട്ടതുമായ സാങ്കേതിക വിദ്യയുടെ ഉപയോഗം. 3.ഉന്നത മൂല്യ വർദ്ധനവ്, ഉൽപ്പന്ന വൈവിധ്യ വൽക്കരണം, പുതിയ ഉൽപന്നങ്ങളുടെ കണ്ടെത്തൽ. 4.മനുഷ്യശേഷി ഉൾപ്പെടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി തന്ത്രങ്ങൾ ആവിഷ്കരിക്കുക. 5.മനുഷ്യ വിഭവം, പരിസ്ഥിതി, വ്യവഹാര വിഷയങ്ങളുടെ പരിഹാരം. 6.ലയനം, കൂട്ടിച്ചേർക്കൽ, സഹജീവിപരമായ തരത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം.

		7 . വിവിധ മേഖലകളിലെ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണം മാർ ക്കറ്റ് വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുകയും അതിന്മേൽ സംസ്ഥാത്തിന്റെ തന്ത്ര പ്രധാനമായ താൽപര്യങ്ങൾ തിരിച്ചറിയുകയും ചെയ്യുക. 8 . പൊതുമേഖലാ സ്ഥാപനങ്ങളുടെയും ടെക്സ്റ്റൈൽ യൂണിറ്റുകളുടെയും തരം തിരിക്കലിന് സാധ്യമാകുന്ന ബിസിനസ്സ് സാഹചര്യങ്ങളും മറ്റു പ്രധാന കാര്യങ്ങളും. 4885-60-800-96-പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും 47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 4885-60-800-83-പൊതുമേഖലാ സ്ഥാപനങ്ങളെ ബാങ്കബിൾ ആക്കുന്നതിനായി അവരുടെ നിയമപരമായ പ്രതിബദ്ധതകൾ അടിയന്തിരമായി

		തീർപ്പാക്കലിനായി - 42.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
7	പൊതുമേഖലാ സ്ഥാപനങ്ങൾ 'പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ എന്തൊക്കെ വ്യവസ്ഥാപരമായ മെച്ചപ്പെടുത്തലുകളും പരിഷ്കാരങ്ങളുമാണ് വകുപ്പ് ശുപാർശ ചെയ്യുന്നത് ?	വിഷയം പഠിച്ചു റിപ്പോർട്ട് ചെയ്യുന്നതിനു ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി അവരുടെ ശിപാർശകൾ അനുസരിച്ച് ഉചിത നടപടി സ്വീകരിക്കാവുന്നതാണ്.
8	പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രദമായ നിരീക്ഷണത്തിനായി നയപരമോ ഘടനാപരമോ ആയ മാറ്റങ്ങൾ വകുപ്പ് നിർദ്ദേശിക്കുന്നുണ്ടോ ?	
9	'പദ്ധതി' നടപ്പാക്കുന്നതിൽ വീഴ്ച സംഭവിക്കുന്ന പക്ഷം അതിന്റെ ഉത്തരവാദിത്തം ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലും സ്ഥാപനത്തിന്റെ ബോർഡ് മെമ്പർ എന്ന നിലയിൽ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥനിലും ബാധകമാക്കാറുണ്ടോ ?	ബോർഡ് യോഗങ്ങളിൽ അവരവരുടെ വകുപ്പിന്റെ ചട്ടപ്രകാരമുള്ള അഭിപ്രായം അറിയിക്കുന്ന ഉത്തരവാദിത്തം മാത്രമേ ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലും സ്ഥാപനത്തിന്റെ ബോർഡ് മെമ്പർ എന്ന നിലയിൽ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥനിലും നിക്ഷിപ്തമായിട്ടുള്ളൂ. പദ്ധതി നടപ്പാക്കുന്നത് ബന്ധപ്പെട്ട

		പൊതുമേഖലാ സ്ഥാപനത്തിന്റെ മാത്രം ഉത്തരവാദിത്തമാണ്. ആകയാൽ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിക്കുന്ന പക്ഷം അതിന്റെ ഉത്തരവാദിത്തം ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലും സ്ഥാപനത്തിന്റെ ബോർഡ് മെമ്പർ എന്ന നിലയിൽ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥനിലും ബാധകമാക്കാനാവില്ല.
10	സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം പദ്ധതി നടപ്പാക്കലിനെ ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ ?	പൊതുമേഖലാ സ്ഥാപനങ്ങൾ ഓഡിറ്റഡ് അക്കൗണ്ട്സ് പരിശോധിക്കുന്നതിന് സമർപ്പിക്കുമ്പോൾ ധനവകുപ്പ് ടി വിഷയം പരിശോധിക്കുകയും സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം പദ്ധതി നടപ്പാക്കലിനെ ബാധിക്കുന്നത് വിലയിരുത്തി ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വാർഷിക പൊതുയോഗത്തിൽ അവലോകനം ചെയ്യുന്ന ധനകാര്യ സെക്രട്ടറിയുടെ 'comments'ൽ ഉൾപ്പെടുത്തി നൽകാറുണ്ട്.

11	പൊതുമേഖലാ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിന്റെ 3 വർഷത്തെ പ്രാരംഭ എസ്റ്റിമേറ്റുകൾ ധനകാര്യവകുപ്പിന് സമർപ്പിക്കാറുണ്ടോ; ലഭ്യ വിവരണം നൽകുക ?	ഇല്ല
12	വാർഷിക കണക്കുകൾ യഥാസമയം സമർപ്പിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?	വാർഷിക കണക്കുകൾ യഥാസമയം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് നിരവധി സർക്കുലറുകൾ ധനവകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശികയുള്ള അക്കൗണ്ടുകൾ സമയബന്ധിതമായി തീർപ്പാക്കാത്തപക്ഷം സ്ഥാപനങ്ങൾക്കു നൽകുന്ന ഗ്രാന്റുകൾ തടഞ്ഞു വയ്ക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് 20.07.2023 ലും 16.07.2025 ലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ റിക്കൺസിലിയേഷൻ പൂർത്തിയാക്കാത്ത/വീഴ്ച വരുത്തുന്ന ഡിഡിഒ-മാരുടെ ശമ്പളം തടഞ്ഞുവയ്ക്കൽ, റീകൺസിലിയേഷൻ സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിമുഖത കാണിക്കുന്ന

- 65

		വകുപ്പുകളുടെ അലോട്ട്മെന്റുകൾ തടഞ്ഞുവയ്ക്കൽ തുടങ്ങിയ കർശന നടപടികൾ സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് 29.09.2025 ൽ എല്ലാ വകുപ്പ് മേധാവികൾക്കും/സിസിഒ-മാർ ക്കും കത്തു നൽകുയും ചെയ്തിട്ടുണ്ട്.
13	സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുക?	അത്തരം വിഷയങ്ങൾ സമീപകാലത്ത് ശ്രദ്ധയിൽ വന്നിട്ടില്ല.

വിശ്വസ്തതയോടെ,

Sobha

ശോഭ വി.ആർ
അഡീഷണൽ സെക്രട്ടറി(ധനകാര്യം)
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

വി.ആർ. ശോഭ
(പെൻ - 100562)
അഡീഷണൽ സെക്രട്ടറി
ധനകാര്യ വകുപ്പ്
ഗവ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

~~-65-~~ -66-

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26) കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ വിനിയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച വിഷയത്തിന്മേൽ സ്വതന്ത്ര പഠനം സംബന്ധിച്ചുള്ള ചോദ്യാവലിയിലെ ചോദ്യം നം. 6, 8 എന്നിവയ്ക്കുള്ള മറുപടി

ചോദ്യം നമ്പർ	ചോദ്യങ്ങൾ	മറുപടി
6	പൊതുമേഖലാ സ്ഥാപനങ്ങളെ തരം തിരിക്കുന്നത്/ഗ്രേഡിംഗ് നൽകുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?	ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 29/10/2022-ലെ G.O.(P)No. 131/2022/Fin നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളെ തരംതിരിക്കുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം കമ്പനികളെ തരംതിരിക്കുന്നതിനുള്ള 7 ഘടകങ്ങൾ ഇവയാണ്. (1) Net Worth, (2) Turnover, (3) No. of Employees, (4) Revenue per Employee, (5) Sales/Capital Employed, (6) Profit Before Tax and (7) Investment (Financial). ഈ ഘടകങ്ങളുടെ Score-ന്റെ അടിസ്ഥാനത്തിൽ കമ്പനികളെ താഴെ പറയുംപ്രകാരം 4 ആയി തരം തിരിക്കുന്നു. (A) Diamond, (B) Gold, (C) Silver and (D) Bronze
8	ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് പ്ലാനിംഗ് ബോർഡിന് പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ടോ; വിശദമാക്കാമോ?	ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് എല്ലാ വർഷവും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന അവലോകന റിപ്പോർട്ട് (A Review of Public Enterprises in Kerala) പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് കൂടാതെ 2025-26-ന്റെ വാർഷിക പദ്ധതിക്ക് കീഴിൽ 2 പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന പാക്കേജിന് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

26.11.25

ലതാകുമാരി എം. ബി
അഡീഷണൽ സെക്രട്ടറി
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ് തിരുവനന്തപുരം
(പെൻ 101704)

പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26) – കേന്ദ്ര സംസ്ഥാന ഫണ്ടുകൾ വിനിയോഗിച്ച് പൊതുമേഖലാസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും സ്കീമുകളും പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച വിഷയത്തിന്മേൽ സ്വതന്ത്രപഠനം സംബന്ധിച്ചുള്ള ചോദ്യാവലിയിൽ സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾക്കുള്ള മറുപടി

ചോദ്യം നമ്പർ	ചോദ്യങ്ങൾ	മറുപടി
1	സംസ്ഥാന ആസൂത്രണ ബോർഡ്, സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ വിലയിരുത്തുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?	സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം വകയിരുത്തുന്നതിനായി അവയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ സംസ്ഥാന ആസൂത്രണ ബോർഡ് നടത്തുന്നു. ഇത് പ്രധാനമായും രണ്ട് ഘട്ടങ്ങളിലായാണ് നടത്തുന്നത്. പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിന് മുമ്പ്, വിവിധ വിഷയങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. അതിൽ പങ്കാളികൾ, ബാഹ്യ വിദഗ്ധർ, വകുപ്പ് മേധാവികൾ എന്നിവരെ ഉൾപ്പെടുത്തുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിരുന്നു. മുൻ പഞ്ചവത്സര പദ്ധതി കാലയളവിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തുകയും, മികച്ച ഭാവി പ്രവർത്തനങ്ങൾക്കായുള്ള നടപടികളും ശുപാർശകളും ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും, അടുത്ത പഞ്ചവത്സര പദ്ധതിക്കായുള്ള ഒരു വീക്ഷണക്കുറിപ്പ് നൽകുകയും ചെയ്യുന്നു. കൂടാതെ, ഓരോ വാർഷിക പദ്ധതിക്കും മുമ്പ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന വിശദാംശങ്ങൾ വിശകലനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ വിവിധ തലങ്ങളിൽ നടക്കുന്നു. സ്ഥാപനങ്ങളുടെ സാമ്പത്തിക സുസ്ഥിരത, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പ്രാദേശിക വികസനം, വിപണി ഇടപെടലുകൾ, വിഭവ വിനിയോഗം, സമൂഹത്തിനുള്ള സാമ്പത്തിക നേട്ടങ്ങൾ അല്ലെങ്കിൽ പ്രാധാന്യം തുടങ്ങിയ മാനദണ്ഡങ്ങൾക്കനുസൃതമായും കൂടാതെ സർക്കാർ നയങ്ങളെ അടിസ്ഥാനമാക്കിയുമാണ് പ്രകടനം വിലയിരുത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനും സംസ്ഥാനത്തിന്റെ പൊതു സമ്പദ്വ്യവസ്ഥയിലേക്കുള്ള അവയുടെ സംഭാവന കണക്കിലെടുത്തും, ഭരണം

		ഉൾപ്പെടെയുള്ള ഈ സംരംഭങ്ങളുടെ പ്രവർത്തനം അതത് ഭരണ വകുപ്പുകൾ തുടർച്ചയായി വിലയിരുത്തുന്നു. വ്യവസായ വകുപ്പിലെ ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിടി) പോലുള്ള പ്രത്യേക ഏജൻസികളെ ഈ ചുമതലകൾ നടപ്പിലാക്കാൻ നിയോഗിച്ചിരിക്കുന്നു. വ്യക്തിഗത പ്ലാനുകൾ നിരീക്ഷിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും, സുഗമമാക്കുന്നതിനും അതത് ഭരണ വകുപ്പുകൾക്കൊപ്പം ഈ ഏജൻസികൾക്കും ഉത്തരവാദിത്തമുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള 51 പൊതുമേഖലാ സ്ഥാപനങ്ങളെ ബിപിടി മേൽനോട്ടം വഹിക്കുന്നു. വ്യക്തിഗത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സംസ്ഥാന ആസൂത്രണ ബോർഡ് നേരിട്ട് ഇടപെടുന്നില്ല.
2	സംസ്ഥാന ആസൂത്രണ ബോർഡിന് കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തമുണ്ടോ. വിശദമാക്കാമോ ?	സംസ്ഥാന ആസൂത്രണ ബോർഡ് ഒരു പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളുടെയും മൊത്തത്തിലുള്ള പ്രവർത്തനങ്ങൾക്കായാണ് സംസ്ഥാന ആസൂത്രണ ബോർഡ് വാർഷിക പദ്ധതിയിൽ തുക വകയിരുത്തുന്നത്. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രോജക്റ്റിൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രവർത്തനപരമായി ഇടപെടാറില്ല. വാർഷിക പദ്ധതിയിൽ ഉൾ പ്പെടുന്ന പ്രവർത്തികൾക്ക് ഭരണാനുമതി നൽ കുവാനായി വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേരാറുണ്ട്. ഇതിൽ സംസ്ഥാന ആസൂത്രണ ബോർഡിലെ ബന്ധപ്പെട്ട ഡിവിഷൻ ചീഫ് അംഗമാണ്. ഭരണാനുമതി ആവശ്യമുള്ള പദ്ധതികൾ വകുപ്പ് ലഭ്യമാക്കുമ്പോൾ ഭരണവകുപ്പ് സെക്രട്ടറി അധ്യക്ഷനായ വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ്ങിൽ ധനകാര്യ വകുപ്പിന്റെ പ്രതിനിധിയുടെ സാന്നിധ്യവുമുണ്ടായിരിക്കും.
3	സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച സാധ്യതാ പഠനം നടത്താറുണ്ടോ ? വിശദമാക്കാമോ ?	പദ്ധതികളെ സംബന്ധിച്ച സാധ്യതാ പഠനം സംസ്ഥാന ആസൂത്രണ ബോർഡ് നടത്താറില്ല. അതാത് പൊതുമേഖലാ സ്ഥാപനങ്ങൾ ആവശ്യമെങ്കിൽ വിദഗ്ധ ഏജൻസികളുടെ സഹായത്തോടെ സാധ്യതാ പഠനം നടത്തുകയും, feasible ആയ പദ്ധതികൾ BPT യുടെ ശുപാർശയോടെയോ ഭരണ വകുപ്പിന്റെ ശുപാർശയോടെയോ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിൽ സമർപ്പിക്കുന്നു. ഇതിൽ പ്ലാനിംഗ് ബോർഡ് വിഭാഗം സാധ്യതാ റിപ്പോർട്ട് പരിശോധിക്കുകയും പദ്ധതി വിഹിതത്തിനായി സമർപ്പിക്കുന്നതിനു മുൻപ് ആവശ്യമെങ്കിൽ വ്യക്തത തേടുകയും ചെയ്യുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളുടെ DPR തയ്യാറാക്കി അംഗീകാരത്തിനായി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കാറുണ്ട്.

4	വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ഡി.പി.ആർ ഉൾപ്പെടെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ സമർപ്പിക്കുന്ന ശുപാർശകൾ വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കാറുണ്ടോ ?	വ്യവസായ വകുപ്പ് സെക്രട്ടറി വിളിച്ചു ചേർക്കുന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ BPT ശുപാർശയോടെയാണ് ഓരോ PSU വും പദ്ധതികൾക്കുള്ള DPR സമർപ്പിക്കുന്നത്. ഇതിൻമേൽ വർക്കിംഗ് ഗ്രൂപ്പിൽ വിശദമായ ചർച്ചകൾ നടത്തുകയും, അനുയോജ്യമായ തീരുമാനം കൈക്കൊള്ളാറുമുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രതിനിധി പങ്കെടുക്കാറുണ്ട്. എന്നാൽ BPT ഉൾപ്പെടുന്നത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമാണ്.
5	പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ റിവ്യൂ നടത്താറുണ്ടോ? എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?	പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ റിവ്യൂവും മോണിറ്ററിങ്ങും നടത്തേണ്ടത് BPT, ഭരണ വകുപ്പ് എന്നിവരാണ്. എന്നിരുന്നാലും PSU കളുടെ പൊതുവായ പ്രവർത്തനം പഞ്ചവത്സരപദ്ധതി രൂപീകരണത്തോടനുബന്ധിച്ചും വാർഷിക പദ്ധതി രൂപീകരണ ചർച്ചകളിലും സംസ്ഥാന ആസൂത്രണ ബോർഡ് റിവ്യൂ ചെയ്യാറുണ്ട്.
7	ഓരോ പൊതു മേഖലാ സ്ഥാപനങ്ങളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ട് പ്ലാനിംഗ് ബോർഡ് പരിശോധിക്കാറുണ്ടോ ? വ്യക്തമാക്കാമോ?	ഓരോ പൊതു മേഖലാ സ്ഥാപനങ്ങളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ട് പ്ലാനിംഗ് ബോർഡ് പരിശോധിക്കാറില്ല . എന്നാൽ പി.എസ്.യുകൾക്ക് ബജറ്റ് വിഹിതം വകയിരുത്തുന്ന ചർച്ചകളിലും കൂടാതെ സാമ്പത്തിക അവലോകനം തയ്യാറാക്കുന്ന വേളയിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവും, ലാഭ/നഷ്ടങ്ങൾ സംബന്ധിച്ച കണക്കുകൾ പരിശോധിച്ച് സംസ്ഥാനതല പ്രകടന വിവരങ്ങൾ സാമ്പത്തിക അവലോകനത്തിൽ ഉൾപ്പെടുത്താറുണ്ട്.
8	ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് പ്ലാനിംഗ് ബോർഡിന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ നൽകാറുണ്ടോ ; വിശദമാക്കാമോ?	ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് എല്ലാ വർഷവും ബജറ്റ് രേഖകളോടൊപ്പം "റിവ്യൂ ഓഫ് പബ്ലിക എന്റർപ്രൈസസ് " എന്ന റിവ്യൂ ഡോക്യുമെന്റ് തയ്യാറാക്കുന്നുണ്ട്. ഇതിൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം ലഭ്യമാണ്. പദ്ധതി രൂപീകരണ വേളയിൽ ഇത് പരിഗണിക്കാറുണ്ട്. പദ്ധതി രൂപീകരണ പ്രക്രിയയിൽ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യകതകൾ ബി.പി.ടി അവതരിപ്പിക്കുന്നു. ഈ ഇൻപുട്ടുകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ വിഹിതം വകയിരുത്തുന്നു. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ ആവശ്യങ്ങൾ അതത് ഭരണ വകുപ്പുകളുടെ ശിപാർശയോടെ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് മുഖേനയാണ് സംസ്ഥാന ആസൂത്രണ ബോർഡിനെ അറിയിക്കുന്നത്.
9	ഫലപ്രദമായ നിരീക്ഷണത്തിനായി വകുപ്പ് നയപരമോ ഘടനപരമോ ആയ മാറ്റങ്ങൾ	നിർദേശിക്കുന്നുണ്ട്. ഫലപ്രദമായ ലക്ഷ്യ സാധൂകണത്തിനായി 4 തരത്തിലുള്ള നിരീക്ഷണ

	നിർദേശിക്കുന്നുണ്ടോ ? വിശദമാക്കാമോ ?	ശൃംഖലയാണ് നിർദേശിക്കുന്നത്. വർഷത്തിലൊരിക്കൽ സ്വതന്ത്ര ഏജൻസിയെ കൊണ്ട് Third party റിവ്യൂ, ആറു മാസത്തിലൊരിക്കൽ സെക്രട്ടറിതല Review, ആസൂത്രണ ബോർഡ്/വകുപ്പുതല Midterm Appraisal, മാസത്തിലൊരിക്കൽ BPT,BPE,ഭരണവകുപ്പ് എന്നിവരുൾപ്പെടുന്ന റിവ്യൂ എന്നിവ ഇതിൽ ഉൾപ്പെടുന്നു.
10	പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലെ പരാജയങ്ങൾ പരിഹരിക്കുന്നതിന് ആസൂത്രണ ബോർഡ് എന്ത് പരിഹാര നടപടികളാണ് നിർദേശിച്ചിട്ടുള്ളത് /വിശദമാക്കാമോ?	പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ശക്തിപ്പെടുത്തുന്നതിനായി പതിനാലാം പഞ്ചവൽസര പദ്ധതി വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിൽ ചുവടെ കൊടുക്കുന്ന വിവിധ തല ശുപാർശകളിൽ പലവിധവും ബഹുമുഖവുമായ ശുപാർശകൾ നൽകിയിട്ടുണ്ട്. ➢ നയ- പദ്ധതി തലത്തിലുള്ള ശുപാർശകൾ ➢ മാനവ വിഭവശേഷി ശുപാർശകൾ ➢ സാമ്പത്തിക ശുപാർശകൾ ➢ മാർക്കറ്റിംഗ് ശുപാർശകൾ ➢ പ്രവർത്തന ശുപാർശകൾ ➢ പൊതുവായ ശുപാർശകൾ
11	പൊതുമേഖലാ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികളുടെ നിരീക്ഷണത്തിൽ പോരായ്മകൾ കണ്ടെത്തിയാൽ തിരുത്തൽ നടപടികൾ ഏതെല്ലാം മാർഗത്തിലൂടെയാണ് സ്വീകരിക്കുന്നത്. വിശദമാക്കുക?	പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നിരീക്ഷണങ്ങൾ അതാത് ഭരണവകുപ്പുകളാണ് നിർവഹിക്കുന്നത്.
12	ഭാവിയിലെ പരാജയങ്ങൾ തടയുന്നതിന് പദ്ധതി വിലയിരുത്തൽ , പദ്ധതിയുടെ നിരീക്ഷണം എന്നിവയിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ?	പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുമ്പോൾ സമർപ്പിക്കുന്ന DPR ൽ പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ കാലാവധിയും, പ്രതീക്ഷിത വരുമാനവും ,സാമൂഹിക സാമ്പത്തിക നേട്ടങ്ങളും കൃത്യമായി പറഞ്ഞിട്ടുണ്ടോ എന്നും അത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് അതിന്റെ ഫലങ്ങൾ കൈവരിക്കുന്നുണ്ടോ എന്ന് വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ പുനക്രമീകരിക്കേണ്ടതാണ്.
13	പദ്ധതികളുടെ സമയ ബന്ധിതമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിന് എന്തൊക്കെ വ്യവസ്ഥാപരമായ മെച്ചപ്പെടുത്തലുകളും പരിഷ്കാരങ്ങളുമാണ് ശുപാർശ ചെയ്യുന്നത്?	14-ാം പഞ്ചവത്സര പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിൽ താഴെ പറയുന്ന പരിഷ്കരണങ്ങൾ ശുപാർശ ചെയ്യുന്നു. • പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രൊഫഷണലൈസേഷൻ അത്യാവശ്യമാണ്, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ശക്തവും സുതാര്യവുമായ ഒരു Performance Management System വികസിപ്പിക്കണം. • പൊതുമേഖലാ സ്ഥാപനങ്ങൾ

		ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് Performance based Financial autonomy ഉറപ്പാക്കണം. • പൊതുമേഖലാ സ്ഥാപനത്തിന്റെ വാർഷിക, ദശാബ്ദ പുരോഗതി നിരീക്ഷിക്കുന്നതിനായി ഓരോ പൊതുമേഖലാ യൂണിറ്റിലും Strategic Planning Cell രൂപീകരിക്കുക. • ദീർഘകാലമായി പ്രവർത്തനം മുന്നോട്ട്കൊണ്ടു പോകാൻ ബുദ്ധിമുട്ടുന്നതും, പ്രതിസന്ധിയിലുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കുന്നത് പരിഗണിക്കാവുന്നതാണ്.

Dr. VEENA N. MADHAVAN IAS
PEN. 688787
Special Secretary to Government
Planning & Economic Affairs Departments.
Govt. Secretariat, Thiruvananthapuram